LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session (Second Meeting—1969)

Thursday, the 2nd October 1969

Vol. XXV] OFFICIAL REPORT [No. 16

The Assembly met in the Assembly Chamber, Trivandrum at nine of the clock on Thursday, the 2nd October 1969, with Mr. Speaker in the Chair.

HOMAGE TO THE MEMORY OF MAHATMA GANDHI ON HIS BIRTH CENTENARY

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട സഭാംഗങ്ങളെ, ലോകാരാദ്ധ്യനായ നമ്മുടെ രാഷ്ട്രപിതാവു് മഹാത്മാഗാന്ധിയുടെ നൂറാം ജന്മദിനം ആഘോഷിക്കുന്നതിനും ആ ദിനം സമുചിതമായ രീതിയിൽ നമ്മുടെ പാരമ്പര്യത്തിനും സംസ്ക്കാരത്തിനും എല്ലാം യോജിച്ച രീതിയിൽ നാം ലോകജനതയെ ആഘോഷിച്ചു് കാണിച്ചുകൊടുക്കുന്നതിനും വേണ്ടി ഇൻഡ്യയൊട്ടുക്കു് ഉള്ള നമ്മുടെ ജനലക്ഷങ്ങളും ഇതിനെ നോക്കിക്കാണുമ്പോഴും കേരള നിയമസഭ നാം അർഹിക്കുന്ന രീതിയിൽ മഹനീയമായ ഈ രീതിയിൽത്തന്നെ ഈ നാട്ടിലെ ജനലക്ഷങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു് ആ സന്ദേശം പുറത്തുവിടാനും നമ്മുടെ കടമ നിർവ്വഹിക്കുവാനുമായി ഇന്നു് ഇവിടെ കൂടിയിരിക്കുകയാണു്.

ഈ സന്ദർഭത്തിൽ മഹാത്മാഗാന്ധി ലോകത്തിനു് നൽകിയിട്ടുള്ള ഉജ്വലമായ സന്ദേശത്തെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതവ്രതമായി കരുതിയിരുന്ന സത്യം, അഹിംസ, സർവ്വമത സാഹോദര്യം മുതലായ മഹനീയമായ ആദർശങ്ങളെക്കുറിച്ചും എല്ലാം വളരെയേറെ പറയുവാനുണ്ടെങ്കിലും ആ കാര്യങ്ങളും ഇന്നു് ലോകമൊട്ടാകെ ചർച്ചചെയ്യുന്നുണ്ടു് എന്നുള്ളതുകൊണ്ടു് പ്രത്യേകിച്ചു് എടുത്തു പറയേണ്ട കാര്യമില്ല. ഗാന്ധിജിയെപ്പറ്റി സ്മരിക്കുമ്പോഴും അദ്ദേഹത്തിനു് ജന്മം നൽകിയ പാവനമായ ഭാരതത്തിന്റെ സന്താനങ്ങളായ നമുക്കു് ഗാന്ധിജി നൽകിയിട്ടുള്ള പ്രചോദനങ്ങളും നേതൃത്വവും കർമ്മപരിപാടികളും വീണ്ടും ഏറ്റെടുത്തുകൊണ്ടു ഈ രാജ്യം ലോകത്തിനു് മഹനീയമായ മാതൃക ഭാവിയിലും കാണിച്ചുകൊടുക്കുന്നതിനായി വീണ്ടും ആ പ്രവർത്തനരംഗത്തു് ഇറങ്ങേണ്ടതായിട്ടുണ്ടു്. അദ്ദേഹം ഒരു ജനതയെ സ്വാതന്ത്ര്യത്തിലേയ്ക്കു് നയിക്കുവാൻ വേണ്ടി ഉപയോഗിച്ച സത്യത്തിന്റെയും അഹിംസയുടെയും ആയ മാർഗ്ഗം ലോകചരിത്രത്തിൽ മറ്റൊരു സമാരാധ്യനായ നേതാവും കാണിച്ചുകൊടുത്തിട്ടില്ലെന്നുള്ള വസ്തുത പ്രത്യേകം നമുക്കു് അഭിമാനകരമാണു്. ആ നിലയ്ക്കു് ഈ രാജ്യത്തെ പാവപ്പെട്ടവർക്കും ഹരിജനങ്ങൾക്കും അതുപോലെ സമൂഹത്തിന്റെ ഏറ്റവും

[മി. സ്പീക്കർ]

താണ പടിയിൽ നിൽക്കുന്ന ആംഗ്ലോക്കാർക്കുവേണ്ടി നിരന്തരമായി അദ്ദേഹം നടത്തിയിട്ടുള്ള സമരം മുഴുവനും അവസാനമായി സർവ്വമതസാഹോദര്യത്തിനു വേണ്ടി ജീവത്യാഗം വരുത്തിയ ആ കഥാപുരുഷനേയും തീർച്ചയായും എല്ലാക്കാലവും ലോകം അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുമെന്നു് നാം വിശ്വസിക്കുകയാണു്. ഈ സന്ദർഭത്തിൽ കേരളജനതയെ ഒട്ടാകെ പ്രതിനിധീകരിക്കുന്ന നാം ഇവിടെ ഇന്നു കൂടുകയും ഒരു പ്രത്യേക സമ്മേളനംമൂലം നമ്മുടെ ആദരാഞ്ജലികളും അർപ്പിക്കുകയും ഗാന്ധിജിയോടുള്ള കൂറും ബഹുമാനവും പ്രകടിപ്പിക്കുകയും ചെയ്യുന്നു് തീർച്ചയായും നമുക്കുതന്നെ വളരെയേറെ അഭിനന്ദനാർഹവും അഭിമാനകരവും ആണു്. ഈ മഹനീയമായ മുഹൂർത്തത്തിൽ അദ്ദേഹത്തോടുള്ള ആദരവു് പ്രകടിപ്പിക്കുകയും ആ മഹാപുരുഷനെ സ്മരിക്കുകയും അദ്ദേഹം നമ്മുടെ രാജ്യത്തിന്റെ മുമ്പാകെ വച്ചിട്ടുള്ള കർമ്മപരിപാടികളും നമ്മുടെ രാജ്യത്തെ ഭാവിതലമുറ വായിക്കുന്നതിനും, ഈ സന്ദർഭത്തിൽ കേരള നിയമസഭ അവർക്കു ചെയ്യുവാനുള്ള ആ കടമ നിർവ്വഹിക്കുന്നതിനു് ഞാൻ അവസരം നൽകുകയാണു്. ബഹുമാനപ്പെട്ട സ്നേഹിതന്മാർക്കു് ഈ ചർച്ചയിൽ അദ്ദേഹത്തിനു് ആദരാഞ്ജലികളും അർപ്പിക്കുവാൻ വേണ്ടി ഈ സമയം വിനിയോഗിക്കാമെന്നു് ഞാൻ സഭയെ അറിയിക്കുകയാണു്. സഭാനേതാക്കന്മാർക്കും മറ്റു സ്നേഹിതന്മാർക്കും ഇതിൽ പങ്കുചേരാം.

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) : സർ, ഇരുപതാം നൂറ്റാണ്ടിലെ മാനവരാശിക്കു് ഉത്തേജനം നൽകിയ മഹാന്മാരിൽ അഗ്രഗണ്യനാണു് നാം ഇന്നു് അനുസ്മരിക്കുന്ന മഹാത്മാഗാന്ധി. ലോകത്തിൽ ഒരു രാജ്യത്തെ മറെറാരു രാജ്യം അടിമപ്പെടുത്തി, കീഴ്പ്പെടുത്തി ഭരിക്കുക എന്ന കിരാത സംപ്രദായത്തെ വെല്ലുവിളിച്ചുകൊണ്ടു്, സ്വാതന്ത്ര്യം എല്ലാ ജനതയ്ക്കും ഉണ്ടാകണമെന്ന മഹത്തായ ആ തത്വത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു് ഇൻഡ്യയുടെ വിമോചനത്തിൽ, സാമ്രാജ്യത്വം ഇൻഡ്യയിൽ നിന്നു മാത്രമല്ല ലോകത്തു നിന്നു തന്നെ തുടച്ചു നീക്കുന്നതിനുള്ള തീപ്പന്തം കൊളുത്തിക്കൊണ്ടു് ജനതയെയാകെ മുന്നോട്ടു നയിച്ച മഹാനെയാണു്, അദ്ദേഹത്തിന്റെ ശതാബ്ദി ആഘോഷിച്ചുകൊണ്ടു് ഇന്നു നാം അനുസ്മരിക്കുന്നതും അദ്ദേഹം നമുക്കു കാണിച്ചു തന്നിട്ടുള്ള മാർഗ്ഗങ്ങളും ജനങ്ങളുടെ മുമ്പിൽ ദാനം ചെയ്തിട്ടുള്ള ഗുണസംപൂർണ്ണമായ നീതിക്രമങ്ങളും നാം എത്ര ദിവസം പ്രകീർത്തിച്ചാലും പിന്നെയും ബാക്കി അവശേഷിക്കുന്നതായിട്ടു് കാണാം. അതുകൊണ്ടു് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉണ്ടായിട്ടുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും ഈ സഭയിൽ വിവരിക്കുന്നതിന്റെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹം നമുക്കു നല്കിയിട്ടുള്ളതിൽ ഏറ്റവും ഉയർന്നതായി നാം കാണുന്നതു് സാമ്രാജ്യത്വത്തെ നീക്കം ചെയ്യുകയും ഒരു ജനതയെ സ്വാതന്ത്ര്യത്തിലേക്കു് നയിക്കുകയും ചെയ്ത കൃത്യമാണു്. അതിൽ അദ്ദേഹം അങ്ങേയറ്റം വിജയിക്കുകയുണ്ടായി. ആ വിജയത്തിന്റെ ഒരു ദൃഷ്ടാന്തമായി നാം നില്ക്കുകയാണു്. സാമ്രാജ്യത്വം ലോകത്തിൽനിന്നു് ഇനിയും തുടച്ചു നീക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. പല ഭാഗങ്ങളിലും അതിന്റെ കാർമേഘപടലങ്ങളും, ക്രൂരമായ കൈകളും, പിന്നെയും പിടിച്ചുകിടപ്പുണ്ടു്. സാമ്രാജ്യത്വവിദൂരീകരണ പ്രസ്ഥാനത്തിൽ സഹായകമായി നിൽക്കേണ്ടതു് നമ്മുടെ ആകെ കടമയായി അദ്ദേഹം നമ്മെ ധരിപ്പിച്ചിട്ടുണ്ടു്.

ഇന്നു നമ്മുടെ രാജ്യത്തെ, അപ്രതീക്ഷിതമായി, പ്രത്യക്ഷമല്ലാതെ കൊളോണിയൽ സംപ്രദായപ്രകാരം കടന്നു് വന്നു്, മറെറാരു തരത്തിൽ അടിമപ്പെടുത്തുവാൻ ഉള്ള ശ്രമങ്ങളും ഇപ്പോഴും നടക്കുന്നതായി നാം സ്മരിക്കേണ്ടതാണു്. അവയെ ചെറുത്തു നിറുത്തുന്നതിനു് ഈ ശതാബ്ദിയാഘോഷഘട്ടത്തിൽ പ്രതിജ്ഞയെടുക്കുകയാണു് നമ്മുടെ കർത്തവ്യം. അദ്ദേഹം അവസാനമായി

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ അന്തിമകാലത്തു് നൽകിയിട്ടുള്ളതു്, സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യാരാജ്യത്തിൽ ഉണ്ടാകേണ്ടതു് എന്താണെന്നുവച്ചാൽ; അതു് സാമുദായിക സൗഹാർദ്ദമാണു്. ജാതി തിരിഞ്ഞു് മതം തിരിഞ്ഞു്, തമ്മിലെതിർത്തു് കലഹിച്ചു് നശിക്കുന്ന സാമ്രാജ്യമായി ഭാരതം ആവാതിരിക്കുവാൻ വേണ്ടിയാണു് അങ്ങിനെ ഉപദേശിച്ചതു്. ബൈബിളും തത്വങ്ങളും പിശാചിന്റെ കർണ്ണങ്ങളിൽ കടക്കാതിരിക്കുന്നതുപോലെ, അദ്ദേഹത്തിന്റെ ആ സന്ദേശം സ്വീകരിക്കുവാൻ തയ്യാറില്ലാതെപോയി എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ സന്ദേശം വഹിക്കുവാൻ കെല്പില്ലാത്ത വഴ്ത്തും അദ്ദേഹത്തെ കൊലപ്പെടുത്തുകയാണു് ചെയ്തതെന്ന കാര്യം ഓർക്കേണ്ടതാണു്. ഈ സന്ദർഭത്തിൽ ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. പ്രവാചകനായ മഹമ്മദു് സദുപദേശം ചെയ്ത ഘട്ടത്തിൽ അദ്ദേഹത്തെ കൊലപ്പെടുത്താൻ ശ്രമിച്ച ഉമ്മറിന്റെ ശ്രമത്തെ സംബന്ധിച്ചു് വള്ളത്തോളും മഹാകവി എഴുതിയ രണ്ടു വരികളും ഈ സന്ദർഭത്തിൽ സ്മരിക്കുകയാണു്.

ഒഴുക്കിടൊല്ല സമ സൂഷ്മരക്തമെ—
ന്നുഴുക്കും മാറുള്ള ചെയ്വവൻതൻ
കുഴത്തിൽ നിന്നാകണമൊന്നു വിഭ്രമം
മുഴുത്ത നിൻവാളിനു കുങ്കുമാർപ്പണം.
പെരുത്തു നൂറാണ്ടാനിടയ്ക്കൊരിക്കലീ-
മരുപ്പറമ്പാമുലകത്തിലീശ്വരൻ
ഒരുറവുക്ഷത്തെ നടുന്നു, പാന്ഥരായു്
വരുന്നവർക്കുത്തമ വിശ്രമത്തിനായു്.

അങ്ങനെ ഉപദേശിച്ച അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നു് രക്തം ഊറ്റിയെടുക്കുവാൻ എത്ര ദുഷിച്ച ശക്തി ഈ രാജ്യത്തു് പ്രവർത്തിച്ചുവോ, ആ ശക്തിയെ പരാജയപ്പെടുത്തുവാൻ നാം പ്രതിജ്ഞയെടുക്കേണ്ടതാണു്. ഇന്നു് നമ്മുടെ രാജ്യത്തു് ഈ ചീത്ത പ്രവണത എല്ലാ ഭാഗങ്ങളിലും തുറന്ന രീതിയിൽ അനുഭവപ്പെടുന്നുണ്ടു്. നമ്മുടെ രാജ്യത്തിന്റെ വടക്കു പടിഞ്ഞാറെ ഭാഗങ്ങളിൽ ഈ ശതാബ്ദി ആഘോഷിക്കുന്ന ഘട്ടത്തിൽത്തന്നെ നടക്കുന്ന കിരാത സംഭവങ്ങളും വളരെ വേദനയോടെ ഓർക്കുകയാണു്, എന്നാൽ ഈ അടുത്ത ദിവസം ഡൽഹിയിൽ പോകാൻ ഇടവന്ന ഘട്ടത്തിൽ എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു്, നമ്മുടെ കേരളം സമുദായൈക്യത്തിന്റെ കാര്യത്തിൽ എത്രയോ ഭേദമാണെന്നാണു്. ഇവിടത്തെ രാഷ്ട്രീയ പാർട്ടികൾക്കിടയിൽ വഴക്കുകളും വക്കാണങ്ങളും ഉണ്ടെങ്കിലും ഇവിടെ ഈ വിഷബീജം കലർത്താൻ മിനക്കെട്ടിട്ടില്ല. ഇതിന്റെ ഫലമായിട്ടു് ഡൽഹിയിൽ ചെന്നപ്പോഴും, കേരളത്തിന്റെ പ്രതിനിധിയായ എന്റെ മുമ്പിൽ അലിഗാറിലേയും അഹമ്മദാബാദിലെയും വിദ്യാർത്ഥികളും മെമ്മോറാണ്ടവുമായി വരികയുണ്ടായി. അവരുമായിട്ടു് നമ്മുടെ നാട്ടിൽ സമുദായ സൗഹാർദ്ദമുണ്ടാക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളും രീതിയും സംസാരിച്ചപ്പോഴും അവർക്കു് അവരുടെ രാജ്യം കേരളമായാൽ കൊള്ളാമെന്നുള്ള ആഗ്രഹമുണ്ടായി. ആ പതാക നാം ഇനിയും ഉയർത്തണമെന്നും ആ പതാകയുമായി മുന്നോട്ടു പോകണമെന്നും മാത്രമാണു് എനിക്കു് പറയുവാനുള്ളതു്. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ഗാന്ധിജിയുടെ നൂറാമത്തെ ജന്മവാർഷികം ആഘോഷിക്കുന്ന ഈയവസരത്തിൽ കേരളജനതയെ ആകെ പ്രതിനിധീകരിച്ചുകൊണ്ടു് നമ്മുടെ നിയമസഭയും അദ്ദേഹത്തോടുള്ള ആദരാഞ്ജലികളും അർപ്പിക്കുന്നതിനു് സന്ദർഭമുണ്ടായതു് വളരെ ഉചിതമായി എന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

ഞാൻ ഓർക്കുകയാണു്. ഗാന്ധിജിയെപ്പറ്റി എന്റെ സ്നേഹിതൻ പ്രധാനപ്പെട്ട പല കാര്യങ്ങളും പരാമർശിച്ചു. ഗാന്ധിജി ജീവിച്ച ഈ നൂറ്റാണ്ടിൽ ജീവിക്കാൻ ഇടയായതുതന്നെ നമുക്കെല്ലാം അഭിമാനകരമായ ഒരു കാര്യമാണെന്നുള്ളതു് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിക്കുകയാണു്. മനുഷ്യസമുദായ ചരിത്രത്തിൽ തീർച്ചയായും ഈ നൂറ്റാണ്ടു് സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട ഒന്നായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ നൂറ്റാണ്ടിന്റെ പ്രധാനശില്പികളിൽ ഒരാളാണു് മഹാത്മഗാന്ധി. ഭാഗ്യവശാൽ ഗാന്ധിജിയുടെയും അതുപോലെതന്നെ ഈ നൂറ്റാണ്ടിലെ മറ്റൊരു മഹാനായ ശില്പിയായ ലെനിന്റേയും ജന്മദിനങ്ങൾ ഒന്നിച്ചു വരുന്നു എന്നുള്ളതുതന്നെ അതിന്റെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുന്നു. ഈ രണ്ടു വ്യക്തികളും, ലോകാധിപത്യം വഹിച്ചിരുന്ന സാമ്രാജ്യത്വത്തിനെതിരായി സമരം നടത്തുകയും ചെയ്തു. ഇന്നു് ലോകത്തിന്റെ മൂന്നിലൊന്നു ഭാഗത്തെ ഒരു സോഷ്യലിസ്റ്റു് വ്യവസ്ഥിതിയിലേക്കു് നയിക്കുന്നതിനു് ലെനിനു് കഴിഞ്ഞെങ്കിൽ, സാമ്രാജ്യത്വത്തിന്റെഅടിമത്വത്തിൽക്കഴിഞ്ഞ ലോകത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനതയെ ആദ്യമായി വിമോചനസമരത്തിൽക്കൂടി മോചിപ്പിച്ചുകൊടുക്കുന്നതിനു് ഗാന്ധിജിക്കു് ഈ നൂറ്റാണ്ടിൽ കഴിഞ്ഞിട്ടുണ്ടു്. എന്നുമാത്രമല്ല ഈ നൂറ്റാണ്ടു് മനുഷ്യരാശിയെ മറ്റു ഗോളങ്ങളുടെ അധിപനാക്കിമാറ്റത്തക്ക സാഹചര്യം സൃഷ്ടിക്കുന്നതിനുവരെ സഹായിച്ചിട്ടുണ്ടു്. അതാണു് ഞാൻ പറഞ്ഞതു് ഈ നൂറ്റാണ്ടു് മനുഷ്യചരിത്രത്തിൽ സുവർണ്ണലിപികൊണ്ടു് രേഖപ്പെടുത്തിയിരിക്കുമെന്നു്. ഈ ദേശീയ വിമോചന സമരത്തിൽ ഇൻഡ്യൻജനതയെപ്പോലുള്ള ഒരു ജനതയെ തട്ടിയുണർത്തി മുന്നോട്ടു നയിക്കുന്നതിനു് ഗാന്ധിജി നിർവഹിച്ചിട്ടുള്ള പങ്കിന്റെ പ്രാധാന്യം മനസ്സിലാക്കണമെങ്കിൽ ഗാന്ധിജി ദേശീയസ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ നമ്മുടെ നാടിന്റെ സ്ഥിതി എന്തായിരുന്നുവെന്നു് ഓർക്കേണ്ടതുണ്ടു്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ഗാന്ധിജി രംഗപ്രവേശംചെയ്യുന്നതിനുമുൻപു് ആരംഭിച്ചിരുന്നെങ്കിലും ഒരു ബഹുജനപ്രസ്ഥാനമായി, സാധാരണക്കാരായ ആളുകളേയും ഗ്രാമീണരിൽ ഏറ്റവും പാവപ്പെട്ടവരെയുംവരെ തട്ടിയുണർത്തി, സമരത്തിന്റെ കാഹളവുമേന്തി, സമരത്തിന്റെ മാർഗ്ഗത്തിലൂടെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ നയിച്ചതു് ഗാന്ധിജിയാണു്. കഴിഞ്ഞ ആയിരക്കൊല്ലമായി നമ്മുടെ ചരിത്രത്തിൽ ഒരു കാലത്തും ജനങ്ങളെ ഒരുമിപ്പിക്കാൻ കഴിയാതെ അവർ പല തട്ടുകളിലായി കഴിഞ്ഞിരുന്ന സാഹചര്യത്തിൽ ഗാന്ധിജിയാണു് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലൂടെ ദേശീയ പ്രബുദ്ധതയുള്ള ഒരു ജനതയായി നമ്മെ ഏകീകരിച്ചു മുന്നോട്ടു കൊണ്ടുവന്നതു്. അതിനുവേണ്ടി അദ്ദേഹം അംഗീകരിച്ച നയങ്ങളും പരിപാടികളും പലതുകൊണ്ടും പ്രത്യേകതയുള്ളതായിരുന്നു; ആ പ്രത്യേകത ഇൻഡ്യയുടെ മണ്ണുമായി ബന്ധപ്പെട്ടതുമായിരുന്നു. ഞാൻ ഇന്നും ഓർക്കുന്നു, ഞാൻ കുട്ടിയായിരുന്ന കാലത്തു്, ഗാന്ധിജിയുടെ അഹിംസാപരമായ സമരമാർഗ്ഗത്തെപ്പറ്റി—തെക്കെ ആഫ്രിക്കയിൽനിന്നു മടങ്ങിയെത്തി ഇവിടത്തെ പ്രസ്ഥാനത്തിനു നേതൃത്വം കൊടുത്തുകൊണ്ടു് യുദ്ധമില്ലാതെ അഹിംസയിലൂടെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ പരാജയപ്പെടുത്താൻ സമരമാരംഭിക്കുമെന്നു പറഞ്ഞപ്പോൾ—പ്രായമായ ആളുകൾ എത്രകണ്ടു് അവിശ്വാസത്തോടും പരിഹാസത്തോടും കൂടിയാണു് കേട്ടതു് എന്നു്. എന്നാൽ കുറെക്കഴിഞ്ഞപ്പോൾ, നിരായുധരായ ഒരു ജനതയ്ക്കുപോലും ഏറ്റവും വലിയ സൈനിക ശക്തിയെ വെല്ലുവിളിക്കാൻ കഴിയുമെന്നും അങ്ങനെയുള്ള സമരത്തിനു് എത്തും സഹിക്കാൻ സന്നദ്ധരായ ലക്ഷക്കണക്കിനു് ആളുകളെ സമരരംഗത്തിറക്കാൻ കഴിയുമെന്നും ബോധ്യമായി. വക്കീലന്മാർ, വിദ്യാർത്ഥികൾ, കൃഷിക്കാർ, യുവാക്കന്മാർ എന്നുവേണ്ട ആ കാലഘട്ടത്തിലേക്കു് ഒന്നു തിരിഞ്ഞു നോക്കിയാൽ എത്രയോ ധീരതയോടുകൂടിയ, ഏതു മർദ്ദനങ്ങളെയും സഹിക്കാൻ സന്നദ്ധരായ ഇൻഡ്യയിലെ കോടാനുകോടി ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സമരത്തിന്റെ പാതയിലേക്കു് അദ്ദേഹം നയിച്ചു എന്നു കാണാം. അദ്ദേഹത്തിന്റെ സാമ്പത്തിക പരിപാടികളും സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുമോ എന്ന കാര്യത്തെപ്പറ്റി അഭിപ്രായ ഭിന്നത ഉണ്ടാകാം. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിരുന്ന കാലത്തു് സാമ്രാജ്യത്വത്തിന്റെ ചൂഷണത്തിൽ നിന്നു മോചനം നേടുന്നതിനുവേണ്ടി നമ്മുടെ രാജ്യം സ്വന്തം കാലിൽ നിൽക്കണമെന്നുള്ള സ്വാശ്രയത്വത്തിന്റെ സന്ദേശവുമായി കോടിക്കണക്കിനു് ആളുകളെ പ്രബുദ്ധരാക്കിയ അദ്ദേഹത്തിന്റെ സാമ്പത്തിക പരിപാടികളും സ്വാതന്ത്ര്യ സമരത്തെ സഹായിച്ചിട്ടുണ്ടെന്നുള്ളതു് ആരും നിഷേധിക്കുകയില്ലെന്നാണു് എന്റെ വിശ്വാസം. അതുപോലെ തന്നെ പ്രാധാന്യമുള്ളതാണു് അദ്ദേഹം ആരംഭിച്ച ഹരിജൻപ്രസ്ഥാനം. സ്വാതന്ത്ര്യംകിട്ടി ഇത്രയുംകാലമായിട്ടുംഅവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒത്തിട്ടില്ല എന്നുള്ള ദുഃഖസത്യം നിലനിൽക്കെത്തന്നെ, ഇൻഡ്യയിലെ സാമൂഹ്യഘടനയിലുണ്ടായിരുന്ന അവമാനകരമായ ദുഃസ്ഥിതി മാറിയെടുക്കുന്നതിനുവേണ്ടി ഇൻഡ്യൻ ജനതയെ ആകെ തട്ടിയുണർത്താൻ അദ്ദേഹത്തിന്റെ പ്രസ്ഥാനം സഹായിച്ചിട്ടുണ്ടു്. ഇങ്ങനെ, ഒരു പുതിയ ജനതയെ പഴയ മണ്ണിൽനിന്നു വാർത്തെടുത്തുവെന്ന കാര്യത്തിൽ, ആ ജനതയെ സമരത്തിന്റെ മാർഗ്ഗത്തിലൂടെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായഭിന്നത ഇല്ലെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ആ സംഭാവനയുടെ ഫലമായിട്ടാണു് അദ്ദേഹത്തെ എല്ലാവരും രാഷ്ട്രപിതാവായി അംഗീകരിക്കുന്നതു്.

അദ്ദേഹം മുൻപോട്ടുവച്ച സമരമാർഗ്ഗങ്ങൾ ഭാരതീയ ജനതയ്ക്കുമാത്രമല്ല മറ്റനേകം മനുഭവിക്കുന്ന ലോകത്തിന്റെ ഇതരഭാഗത്തുള്ള ജനതകൾക്കും ആവേശവും ഉത്തേജനവും നൽകിയിട്ടുണ്ടു്. വിശേഷിച്ചും നൂറ്റാണ്ടുകളായി അടിമകളായി കഴിഞ്ഞ നീഗ്രോജനതക്കു് വലിയ ആവേശം നൽകുന്നതിനും അവരെ സമരത്തിന്റെ മാർഗ്ഗത്തിലേക്കു് നയിക്കുന്നതിനും അദ്ദേഹത്തിന്റെ സന്ദേശങ്ങൾ സഹായിച്ചിട്ടുണ്ടു്.

സമരകോലാഹലങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാ വിഭാഗക്കാരും അംഗീകരിക്കുന്ന സമരമാർഗ്ഗങ്ങളുടെ ഉറവിടം എവിടെയാണെന്നു നോക്കിയാൽ അതു മഹാത്മാഗാന്ധിയാണെന്നു കാണാം. അദ്ദേഹത്തിന്റെ സത്യാഗ്രഹം, നിരാഹാരസമരം, പിക്കറ്റിംഗു് തുടങ്ങിയ സമരമാർഗ്ഗങ്ങൾ ഇന്നു് എല്ലാ വിഭാഗങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങളായി മാറിയിട്ടുണ്ടു്. അങ്ങനെ മർദ്ദിതവിഭാഗങ്ങൾക്കു അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള സമരമാർഗ്ഗങ്ങൾ സംഭാവന ചെയ്ത ഒരു വ്യക്തിയെന്നുള്ള നിലയിലും, നേതാവു് എന്നുള്ള നിലയിലും, അദ്ദേഹം എന്നും ഓർമ്മിക്കപ്പെടും.

എനിക്കു മുൻപു സംസാരിച്ച എന്റെ സ്നേഹിതൻ പറഞ്ഞപോലെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന, ജാതിയുടേയും മതത്തിന്റേയും പേരിൽ വേർതിരിഞ്ഞു് ഒരിക്കലും ഒന്നിച്ചുകൂടാൻ കഴിയാതിരുന്ന ജനതയെ ഒരുമിപ്പിച്ചെടുക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ സേവനങ്ങളാണു്. ആ സേവനങ്ങൾ, ഹിന്ദു-മുസ്ലിം സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദത്തിനും സാഹോദര്യത്തിനുംവേണ്ടി ഏറ്റവും ദുർഘടമായ ഒരു ഘട്ടത്തിൽ അദ്ദേഹത്തിന്റെ ജീവൻ പോലും ബലികൊടുക്കാൻ തയ്യാറായിക്കൊണ്ടു് അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ നമുക്കെല്ലാം ഓർമ്മയുണ്ടു്. ആ പരിശ്രമങ്ങളുടെ ഫലമായി അദ്ദേഹം ശത്രുക്കളുടെ കൈകൊണ്ടു് കൊല്ലപ്പെടുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ ജന്മശതവാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിലും ഇൻഡ്യയുടെ പല ഭാഗങ്ങളിലും നടക്കുന്ന നരവേട്ടകൾ നമ്മെ എല്ലാവരേയും ലജ്ജിപ്പിക്കേണ്ടതും അതിനെതിരായി ഇൻഡ്യൻ ജനത ഒന്നടങ്കം ഉണർന്നെഴുനേൽക്കേണ്ടതുമുണ്ടു് എന്നുള്ള സന്ദേശം ഈ ആഘോഷസന്ദർഭത്തിൽ നമ്മുടെ ജനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

എത്തിക്കാൻ കഴിഞ്ഞാൽ തീർച്ചയായും അതു് ഗാന്ധിജിയോടുള്ള നമ്മുടെ ആദരവിന്റെ ഒരു പ്രകടനമായിരിക്കുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു് സർ, ഞാൻ എന്റെ സംസാരം നീട്ടുന്നില്ല.

ശ്രീ. കെ. കരുണാകരൻ: സർ, ലോകാരാദ്ധ്യനായ മഹാത്മജിയുടെ, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ജന്മശതാബ്ദി ലോകത്തിന്റെ നാനാഭാഗങ്ങളിലും ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണു് നാം ഇവിടെ സമ്മേളിച്ചിട്ടുള്ളതു്. മഹാത്മാവിന്റെ ചെയ്തികളും, ദിവസങ്ങളും മാസങ്ങളും പ്രതിപാദിച്ചാലും അവസാനിക്കാത്തവിധം അത്രയധികമാണു്. ആ മഹാത്മാവിനെക്കുറിച്ചു് പണ്ഡിറ്റ്ജി ഒരിക്കൽ പറഞ്ഞകാര്യം ഞാൻ ഇപ്പോൾ സ്മരിക്കുകയാണു്. 'ചെളിയിൽനിന്നു് മനുഷ്യനെ വാർത്തെടുക്കാൻ സാധിച്ച ശക്തി' എന്നാണു് അദ്ദേഹത്തെ വിശേഷിപ്പിച്ചതു്. വർഗ്ഗീയതയുടെയും ഭീരുത്വത്തിന്റെയും, അടിമത്വത്തിന്റെയും അന്തരീക്ഷത്തിൽ വളർന്നുവന്ന ഭാരതീയരെ ധീരരും ദേശാഭിമാനികളും സ്വതന്ത്രരുമായോദ്ധാക്കളാക്കി മാറ്റിയെടുക്കാൻ ഗാന്ധിജിക്കു സാധിച്ചു.

മഹാത്മജിയുടെ കാലഘട്ടത്തെ തുടർന്നു ജീവിക്കുന്ന നമുക്കു് ആ മഹാനുഭാവനെ എത്രകണ്ടു അനുവർത്തിക്കാൻ സാധിച്ചു എന്നു പരിശോധിച്ചാൽ, ആ കാര്യത്തിൽ നാം വളരെയധികം പരാജയപ്പെട്ടിരിക്കുകയാണെന്നു കാണാൻ കഴിയും. ഇന്നലെ ഡൽഹിയിൽവെച്ചു മഹാത്മജിയുടെ ഏറ്റവും അടുത്ത ഒരു സഹപ്രവർത്തകനായിരുന്ന അതിർത്തിഗാന്ധി ബാദ്ഷാഖാൻ ചെയ്ത പ്രസ്താവന ഏതൊരു ഭാരതീയനും ലജ്ജാകരമായിട്ടുള്ളതായിരുന്നു. നാം മഹാത്മജിയെ മറന്നിരിക്കുന്നു എന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇന്നു പൊതുവെ കാണുന്ന സാഹചര്യം ആ പ്രസ്താവനയെ അർത്ഥവത്താക്കുന്നതാണു്.

സർ, സ്വാതന്ത്ര്യ സമ്പാദനത്തിനു ഏതുരൂപത്തിലുള്ള സമരമുറകളാണു സ്വീകരിക്കേണ്ടതെന്നു മുൻകൂട്ടി മനസ്സിൽ കണ്ടുകൊണ്ടാണു് മഹാത്മജി സമരം നയിച്ചിരുന്നതു്. അഹിംസാത്മകമായ മാർഗ്ഗങ്ങളിലൂടെ സാമ്രാജ്യത്വത്തിനെതിരായി പോരാടാൻ മുതിർന്ന അവസരത്തിൽ എന്തായിരുന്നു ജനങ്ങളുടെ പ്രതികരണമെന്നു് ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻ നായർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യസമ്പാദനത്തിന്റെ കാലഘട്ടംവരെയും, മഹാത്മജിയുടെ അന്ത്യം വരെയും ആ സമരമാർഗ്ഗങ്ങളിൽ സംശയം പ്രകടിപ്പിക്കുകയും, പലരും പ്രതിഷേധ്യം ചെയ്യുകയും ചെയ്തിരുന്നു. എന്നിരുന്നാലും സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ സ്വീകരിച്ചിരുന്ന പരിപാടി നാം തുടർന്നിരുന്നെങ്കിൽ, ഇന്നുവരെ അതു ഫലപ്രദമായി നടപ്പാക്കിയിരുന്നെങ്കിൽ ഇന്നു കാണുന്നതിനു വ്യത്യസ്തമായ ഒരു ഇൻഡ്യ നമുക്കു് കാണാൻ സാധിക്കുമായിരുന്നു. സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ അക്രമത്തിന്റെ യാതൊരു ലാഞ്ഛനയും ഉണ്ടായിരിക്കരുതെന്നു ഗാന്ധിജിക്കു് നിർബന്ധം ഉണ്ടായിരുന്നു. സ്വതന്ത്ര ഇൻഡ്യയിൽ അതു ആവർത്തിക്കാതിരിക്കണമെന്നും ഗാന്ധിജി ആഗ്രഹിച്ചിരുന്നു.

സർവ്വസമുദായമൈത്രി, അയിത്തോച്ചാടനം, ഹിന്ദിപ്രചരണം, ഹരിജനോദ്ധാരണം തുടങ്ങിയ മഹത്തായ പരിപാടികളും ഗാന്ധിജി ജനതയുടെ മുമ്പാകെ സമർപ്പിച്ചിരുന്നു. അതു വേണ്ടവിധം തുടർന്നു പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്നു ഭാരതത്തിൽ പല സ്ഥലത്തും ഭാഷയുടെ പേരിൽ കാണുന്ന സംഘട്ടനങ്ങളും, മനുഷ്യനെ വേർതിരിച്ചു നിറുത്തുന്ന സമീപനരീതിയും, ഹരിജനങ്ങളോടുള്ള പെരുമാറ്റവും ഇന്നത്തെ രീതിയിൽ കാണുമായിരുന്നില്ല. ഇൻഡ്യയെ ഏകീകരിച്ചു നിറുത്തുന്ന ഒരു ഭാഷയായിട്ടാണു് ഹിന്ദിയെ ഗാന്ധിജി വിഭാവനം ചെയ്തിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നതു്. ഇന്നാണെങ്കിൽ ആ ഭാഷ ആധിപത്യം സ്ഥാപിക്കുന്ന രീതിയിൽ മാറിയിരിക്കുകയാണു്.

അതുപോലെതന്നെ ഹിന്ദു-മുസ്ലിം മൈത്രി പ്രധാനപ്പെട്ട രണ്ടു സമൂഹങ്ങളും തമ്മിലുള്ള സൗഹാർദ്ദവും ഐക്യവും വളർത്താൻ ഉദ്ദേശിച്ചുള്ളതായിരുന്നു. ഹിന്ദു-മുസ്ലിം മൈത്രി ഇല്ലെങ്കിൽ ഇൻഡ്യയ്ക്കു പുരോഗതി സാദ്ധ്യമല്ലല്ലോ. അതുപോലെതന്നെ പാടത്തു പണിയെടുക്കുന്ന ഹരിജനങ്ങളെ മാറ്റി നിറുത്തിക്കൊണ്ടു ഈ രാജ്യത്തിനു് പുരോഗതി കൈവരുത്താൻ സാധിക്കുമായിരുന്നില്ല. ഈ വസ്തുതകളെല്ലാം മനസ്സിലാക്കിയ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വത്തിനെതിരായി സമരപരിപാടികളും ആസൂത്രണം ചെയ്തിരുന്നു. ഈ കാര്യങ്ങളും നാം കുറെപേരെങ്കിലും വിസ്മരിക്കുകയില്ലെങ്കിലും ഇനിയുള്ള കാലഘട്ടത്തിലെ നമ്മുടെ അനന്തര തലമുറയ്ക്കു് മനസ്സിലാക്കികൊടുത്തു് അവരെ ആ നിലയിൽ വളർത്തിയെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ നമ്മുടെ രാഷ്ട്രത്തിനു പുരോഗതി കൈവരിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ഗ്രാമസ്വരാജിനെപ്പറ്റി ഗാന്ധിജി പറഞ്ഞിട്ടുണ്ടു്. പ്രാദേശികമായ സ്വയം പര്യാപ്തത കൈവരുത്താൻ പരാശ്രയം കൂടാതെ ജീവിക്കുവാനുള്ള കഴിവു് ഓരോ ഗ്രാമവാസികളിലും ഉണ്ടാകാൻ ഉതകുന്നരീതിയിലാണു് ഗാന്ധിജി ഗ്രാമസ്വരാജു് വിഭാവനം ചെയ്തതു്. ഇൻഡ്യൻജനതയുടെ ഭദ്രതയ്ക്കു പറ്റിയ ഒരു പോംവഴിയായിട്ടാണു് ഗാന്ധിജി ഗ്രാമസ്വരാജു് വിഭാവനം ചെയ്തതു്. മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന സാമ്രാജ്യത്വത്തിനെതിരായ നീക്കം ലോകത്തിലെ സാമ്രാജ്യത്വത്തെ അവസാനിപ്പിക്കുന്ന ഒരു മരണമണിയായിരുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ ഫലമായിട്ടാണു ബർമ്മ, സിലോൺ, സിംഗപ്പൂർ, ഇൻഡോനേഷ്യ തുടങ്ങിയ പല രാജ്യങ്ങളും സ്വാതന്ത്ര്യം നേടിയതെന്നുള്ള വസ്തുത കൃതജ്ഞതാപൂർവ്വം അവർ ഇന്നും സ്മരിക്കുന്നുണ്ടു്. അങ്ങനെ ലോകത്തിലെ സാമ്രാജ്യത്വശക്തികളെ അവസാനിപ്പിക്കുന്നതിനുവേണ്ടി പോരാടിയ ധീരനാണു് ഗാന്ധിജി. എല്ലാറ്റിലുമുപരി അദ്ദേഹം മനുഷ്യനെ സ്നേഹിക്കുകയും, മനുഷ്യരെ ഒന്നായി കാണുകയും ചെയ്തു. മാത്രമല്ല മറ്റു പലർക്കും ഇല്ലാത്തതും, മറ്റാർക്കും സാധിക്കാത്തതുമായ ഒരു ഗുണവിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രവൃത്തിയിൽ കാണിക്കാൻ സാധിക്കാത്തതൊന്നും ഗാന്ധിജി പറഞ്ഞിട്ടില്ല. തന്റെ അനുയായികൾക്കു നൽകിയിട്ടുള്ള സന്ദേശങ്ങളും ജീവിതത്തിൽ സ്വയം പകർത്തി കാണിക്കാൻ അദ്ദേഹം മടിച്ചിട്ടില്ല. അതുകൊണ്ടായിരുന്നു മഹാത്മാവിനോടു് എല്ലാവർക്കും കൂടുതൽ വിശ്വാസം ഉണ്ടായതു്. അതോടൊപ്പം ശത്രുക്കളെ സ്നേഹിച്ചു മാനസാന്തരപ്പെടുത്താനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. സാധാരണഗതിയിൽ അതു സാധ്യമല്ലാത്ത ഒരു കാര്യമാണു്. മഹത്തരമായ ഒരു ഗുണമാണതു്. ബ്രിട്ടനിൽപോലും ഇന്നു ഗാന്ധിജന്മശതാബ്ദി ആഘോഷിക്കുന്നുണ്ടു്. സാമ്രാജ്യാധിപത്യം വഹിച്ചിരുന്ന ബ്രിട്ടീഷുകാരെ ലിക്വിഡേറ്റു ചെയ്യുന്നതിനു് നേതൃത്വം വഹിച്ച ഗാന്ധിജിയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിനു് ബ്രിട്ടീഷുകാർക്കു ഇന്നും മടിയില്ല. ബ്രിട്ടനിലെ ജനങ്ങളോടല്ല, സാമ്രാജ്യാധിപത്യത്തോടായിരുന്നു ഗാന്ധിജിക്കു് എതിർപ്പുണ്ടായിരുന്നതു. അവർക്കറിയാമായിരുന്നു. 'ബ്രിട്ടൻ ഇൻഡ്യ വിടുക' എന്ന മുദ്രാവാക്യം സ്വീകരിച്ചപ്പോഴും അതിനു വിശദീകരണം നൽകിയതു് 'ഇൻഡ്യയിൽ നിന്നു ബ്രിട്ടീഷുകാർ പോകണമെന്നു് ഞാൻ പറയുന്നില്ല; എന്നാൽ ഇൻഡ്യയിലെ ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കാനാണു് സമരം നടത്തുന്നതു്' എന്നായിരുന്നു. വ്യക്തികളോടു വൈരാഗ്യം ഇല്ലാതെ ദൃഷ്ടിച്ച ചില പ്രവണതകളെ ഇല്ലായ്മ ചെയ്യാൻ ജനങ്ങളെ ഒന്നായി അണിനിരത്താൻ ഗാന്ധിജിക്കു സാധിച്ചു.

സർ, ഇൻഡ്യ സ്വതന്ത്രയായ ദിവസം ലോകചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം കുറിച്ച ദിനമായിരുന്നു. വിദേശാധിപത്യത്തിൻ കീഴിൽ പുലർന്നി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

രുന്ന ഇന്ത്യ സ്വതന്ത്രയായപ്പോഴും, ദൽഹിയിലെ ചെങ്കോട്ടയിൽ ത്രിവർണ്ണ പതാക ഉയർത്തപ്പെട്ടപ്പോഴും, രാഷ്ട്രപിതാവായ മഹാനായ ഗാന്ധിജി ദൽഹിയിൽ ഉണ്ടായിരുന്നില്ല. ആ അവസരത്തിൽ, ഹിന്ദുക്കളും മുസ്ലിംങ്ങളും തമ്മിൽ നടന്നിരുന്ന സംഘട്ടനത്തെ ഇല്ലായ്മ ചെയ്യാൻ അദ്ദേഹം സൗഹാർദ്ദത്തിന്റെ സന്ദേശവാഹകനായി നൗഖാലിയിൽ ഗ്രാമീണരുടെ ഇടയിൽ സഞ്ചരിക്കുകയായിരുന്നു. സ്വാതന്ത്ര്യലബ്ധിയിൽ ആഹ്ലാദിക്കാനല്ല, സഹോദരമൈത്രിയുടെ സന്ദേശം ഗ്രാമീണർക്കു പകർന്നുകൊടുക്കാനാണു് മഹാത്മജി ആ സമയം വിനിയോഗിച്ചതു്. അത്രമാത്രം മഹാനായ ഗാന്ധിജിയുടെ അനുയായികളായ ഇന്നത്തെ ഭാരതീയർക്കു അദ്ദേഹത്തിന്റെ സന്ദേശം ഉൾക്കൊണ്ടു പ്രവർത്തിക്കാൻ സാധിക്കാതെ വരുന്നതു ഏറ്റവും ലജ്ജാകരമായ ഒരു കാര്യമാണു്. ബുദ്ധന്റെയും ക്രിസ്തുവിന്റെയും നബിയുടെയും നവചൈതന്യം ഉൾക്കൊണ്ടുകൊണ്ടു അദ്ദേഹം നമുക്കു് കാണിച്ചുതന്ന കർമ്മപന്ഥാവിൽക്കൂടി ഭാവി ജനതയെ അണിനിരത്താനും, മഹാനായ ഗാന്ധിജിയുടെ കാലടിപ്പാടുകൾ തുടർന്നു ഭാവി തലമുറ വളരാനും ഇടയാകത്തക്കവിധത്തിൽ ഗാന്ധിജിയുടെ ജന്മശതാബ്ദി ആഘോഷിക്കപ്പെടുകയാണു്. അടുത്ത തലമുറയ്ക്കു ഗാന്ധിജിയുടെ സേവനസന്നദ്ധതയും, പരാശ്രയം കൂടാതെയുള്ള ജീവിതാഭിലാഷവും ഉണ്ടാകാൻ ഇടവരട്ടെ എന്നു പ്രാർത്ഥിക്കുകയാണു്.

മഹാത്മജിയുടെയും കസ്തൂർബായുടെയും ജന്മശതാബ്ദി കാലഘട്ടത്തിൽ അവരുടെ ജീവിതകാലത്തെ സ്മരണയും പ്രചോദനവും എല്ലാവർക്കും വേണ്ട ഉത്തേജനം നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എം. ജോർജ്ജു് : സർ, ഇൻഡ്യയുടെ പ്രിയംകരനായ രാഷ്ട്രപിതാവും യുഗപ്രഭാവനുമായ മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ശുഭാവസരത്തിൽ കേരളനിയമസഭയ്ക്കു് ഇതുപോലെ സമ്മേളിക്കാനും, ബഹുമാനപ്പെട്ട രാഷ്ട്രപിതാവിനു ആദരാഞ്ജലികളും അർപ്പിക്കാനും, അദ്ദേഹത്തിന്റെ ജീവിതമാർഗ്ഗം സ്വീകരിച്ച നാട്ടിൽ ശാന്തിയും സമാധാനവും നിലനിറുത്താൻ പ്രതിജ്ഞ എടുക്കാനും അവസരം ഉണ്ടാക്കിത്തന്നതിനു് അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു.

മഹാത്മാഗാന്ധിയെ സ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഗുണഗണങ്ങളെയും നേട്ടങ്ങളെയും വിലയിരുത്തുമ്പോൾ എവിടെ ആരംഭിക്കണം എവിടെ അവസാനിപ്പിക്കണം എന്നു സ്വാഭാവികമായി ആർക്കും വിഷമമുണ്ടാകുന്നതാണു്.

ഇൻഡ്യയുടെ വടക്കു ഭാഗത്തു വടക്കു പടിഞ്ഞാറുവരെ നീണ്ടു കിടക്കുന്ന ഹിമാലയ പർവ്വതത്തോടു മഹാത്മജിയെ ഉപമിക്കാൻ ഞാനാഗ്രഹിക്കുകയാണു്. എവിടെ നിന്നു നോക്കിയാലും ഹിമാലയത്തിന്റെ പ്രകൃതിഭംഗിയും ഗാംഭീര്യവും വിശാലതയും നമുക്കു കാണാൻ കഴിയും. അതുപോലെ തന്നെ മഹാത്മജിയുടെ ജീവിതത്തിന്റെ ഏതു കോണിൽ നിന്നു നോക്കിയാലും അതിമാനുഷനായ, അതുല്യപ്രഭാവനായ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ വെളിച്ചം വീശുന്നതു നമുക്കു കാണാൻ സാധിക്കുന്നതാണു്. ഇത്ര അനന്യസാധാരണമായ നേട്ടങ്ങളോടുകൂടിയ ഒരു രാഷ്ട്രപിതാവിനെ മറ്റു രാജ്യങ്ങൾക്കൊന്നിനും സിദ്ധിച്ചിട്ടില്ലെന്നുള്ളതു ഭാരതീയർക്കു അഭിമാനപൂർവ്വം സ്മരിക്കാവുന്നതാണു്. മഹാത്മജി നമുക്കു മാത്രമല്ല ലോകത്തിനു മുഴുവൻ നൽകിയിട്ടുള്ള സംഭാവനകൾ ഇന്നത്തെ തലമുറ മുഴുവൻ മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലെന്നാണു് എന്റെ വിശ്വാസം. തലമുറ കഴിയുന്തോറും പൗരസ്ത്യദേശത്തു ഉദയം ചെയ്ത ആ ദീപം ലോകത്തിനു നൽകിയ വെളിച്ചത്തിന്റെ പ്രാധാന്യത്തേയും പ്രത്യേകതയേയും മനുഷ്യരാശി കൂടുതൽ അറിയാനും ആദരിക്കാനും തുടങ്ങുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പൂർണ്ണമായി വിശ്വസിക്കുകയാണു്. ശാസ്ത്രം കൂടുതൽ കൂടുതൽ പുരോഗമിക്കുകയും, ശാസ്ത്രീയനേട്ടങ്ങൾ മനുഷ്യരാശിയെ ഞൊടിയിടകൊണ്ടു തകർത്തു തരിപ്പണമാക്കുന്ന സിദ്ധികൾ കൈവരികയും ചെയ്തിട്ടുള്ള ഈ കാലത്തും അതിൽ നിന്നു രക്ഷ പ്രാപിക്കാൻ ലോകനേതാക്കന്മാർ തിരിഞ്ഞു നോക്കുന്നതു മഹാത്മജിയുടെ ചരിത്രത്തിലേക്കും ആ നേതൃത്വത്തിലേക്കുമാണെന്നുള്ളതു് ഒരു വസ്തുതയാണു്.

'Peace hath her victories no less renowned than those of war'

ലോകരാഷ്ട്രങ്ങൾ ഒരു മഹാവിപ്ലവകാരിയായി കരുതുന്ന മഹാത്മാഗാന്ധിയാണു് സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ശത്രുക്കളെ സ്നേഹിച്ചുകൊണ്ടു സ്വന്തം രാജ്യത്തിന്റെ മോചനംവഴി ഒരു ജനതയെ ഉദ്ബുദ്ധരാക്കാൻ കഴിയുമെന്നു സ്ഥാപിച്ചതു്. ലോകത്തു മറെറാരു രാഷ്ട്രത്തിനും സാധിക്കാത്ത മഹത്തായ ഒരു കാര്യമാണിതു്.

ശ്രീ. കെ. കരുണാകരൻ പറഞ്ഞതുപോലെ മഹാത്മാഗാന്ധി ജനതയ്ക്കു നൽകിയ ഉപദേശങ്ങൾ എല്ലാംതന്നെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിച്ചിരുന്നു. പ്രസംഗധോരണിയല്ല, പ്രസംഗിക്കാനുള്ള കഴിവല്ല. എല്ലാം പ്രവർത്തിച്ചു കാണിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കഴിവായിരുന്നു. ഇൻഡ്യൻ ജനതയേയും ലോകജനതയേയും വശീകരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതു്. ഇൻഡ്യൻ ജനതയ്ക്കു മഹാത്മജി നൽകിയ ഏറെറവും വലിയ ഉപദേശം, ഒരിക്കലും സത്യത്തിന്റെയും ധർമ്മത്തിന്റെയും മാർഗ്ഗങ്ങളിൽനിന്നു വ്യതിചലിക്കരുതെന്നായിരുന്നു. അദ്ദേഹം അഹിംസാമാർഗ്ഗം സ്വീകരിക്കുകയും, ജനലക്ഷങ്ങൾ അതനുസരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ബലഹീനരുടെ ഒരു രക്ഷായുധമായി അഹിംസാമാർഗ്ഗം സ്വീകരിക്കാനല്ല, ബലവാന്മാരും മനസ്സു നല്ലവണ്ണം നിയന്ത്രിച്ചു അഹിംസ ആചരിക്കണമെന്നായിരുന്നു ഗാന്ധിജി ഉപദേശിച്ചതു്. അഹിംസ ദുർബ്ബലന്റെ രക്ഷാമാർഗ്ഗമായി കരുതാതെ ധർമ്മത്തിനും നീതിക്കും നിരക്കാത്ത നിലയിൽ ഇൻഡ്യയെ ആരെങ്കിലും ആക്രമിച്ചാൽ നാം അഹിംസയിൽനിന്നു വ്യതിചലിച്ചു ആക്രമണത്തെ നേരിടണമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്.

മഹാത്മജി സഹനസമരത്തിലൂടെയും സത്യാഗ്രഹത്തിലൂടെയും സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയിട്ടുള്ളതു ചരിത്ര പ്രസിദ്ധമാണു്. മഹാത്മജിയുടെ സത്യാഗ്രഹം, അഹിംസാസിദ്ധാന്തത്തിലൂടെ അത്യാവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽമാത്രം അനുഷ്ഠിച്ചിരുന്ന ചരിത്ര സംഭവങ്ങളാണു്. എന്നാൽ ഇന്നാകട്ടെ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പറഞ്ഞതുപോലെ ഏതു കാര്യത്തിനും എന്നും സത്യാഗ്രഹാഭാസങ്ങൾ നടന്നുവരികയാണു്. മഹാത്മജിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ കാലത്തു് ഗാന്ധിജി ജീവനോടെ ഭാരതം സന്ദർശിക്കാൻ ഇടയായാൽ ഭാരതത്തിന്റെ നാനാഭാഗത്തും ഇന്നു നടക്കുന്ന സത്യാഗ്രഹാഭാസങ്ങൾ അദ്ദേഹത്തെ അത്രമാത്രം ചിന്താകുലനാക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല. ഇന്നു കാണുന്ന സത്യാഗ്രഹാഭാസങ്ങൾ ഒരു നിയമനിർമ്മാണംമൂലം ഉടനടി തടയേണ്ടതാണെന്നുകൂടി തോന്നിപ്പോവുകയാണു്.

സർ, മഹാത്മജി ഏറെറവും ഉന്നതമായ ചില തത്വങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ ആവിഷ്കരിച്ചിട്ടുള്ളതു ആത്മകഥയിൽ അദ്ദേഹം പറഞ്ഞിട്ടുള്ളതുപോലെ ഗീതയിലും ബൈബിളിലും ഖുറാനിലും അടങ്ങിയിട്ടുള്ള ദിവ്യ സന്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണെന്നകാര്യം നമുക്കു വിസ്മരിക്കാതിരിക്കാം. മഹാത്മജി നമുക്കു കാണിച്ചുതന്നിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നു പറയാൻ വളരെ എളുപ്പമാണു്. ഇന്നത്തെ ഇൻഡ്യയിലെ പ്രബുദ്ധരായ പുതിയ തലമുറ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്]

മഹാത്മജിയുടെ ജീവിതപാഠങ്ങളും എത്രത്തോളം പകർത്താൻ ശ്രമിച്ചിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം എനിക്കു മുൻപു പ്രസംഗിച്ച ബഹുമാനപ്പെട്ട സുഹൃത്തുക്കളുടെ അഭിപ്രായത്തോടു ഞാനും യോജിക്കുകയാണു്. മഹാത്മജി സ്വന്തം ജീവിതത്തിലൂടെ നമുക്കു സംഭാവന ചെയ്തിട്ടുള്ള മഹത്തായ കാര്യങ്ങളെ ചൊല്ലി നാം അഭിമാനം കൊള്ളാറുണ്ടെങ്കിലും, വളർന്നുവരുന്ന യുവതലമുറ ആ പൈതൃകം കാത്തു സൂക്ഷിക്കാൻ വൈമുഖ്യം കാണിച്ചാൽ ഇൻഡ്യയുടെ സ്വാതന്ത്ര്യം വിചാരിക്കുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞെന്നു വരികയില്ല.

സർ, ഇന്നു നമ്മുടെ നാട്ടിലെ ജനതയുടെ ദൃഷ്ടി നിയമസഭാ നടപടികളിലേക്കു തിരിച്ചുവിട്ടിട്ടുണ്ടാവുമെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. നിയമസഭാ വേദിയിൽ മഹാത്മജിയുടെ ഒരു പൂർണ്ണമായ ചിത്രം സ്ഥാപിച്ചിരിക്കുന്നതു ഞാൻ കാണുന്നു. ആ ചിത്രം ഇന്നു നമ്മുടെ ഓരോരുത്തരുടെയും ഹൃദയാന്തർഭാഗത്തേക്കു ഉറുനോക്കുന്നുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. ഗാന്ധിജന്മ ശതാബ്ദി പ്രമാണിച്ചു അദ്ദേഹത്തിനു ആദരാഞ്ജലി അർപ്പിക്കാൻ കൂടിയിരിക്കുന്ന നാം പറയുന്നതെല്ലാം ആത്മാർത്ഥമായിട്ടാണോ, യഥാർത്ഥത്തിൽ ഓരോരുത്തരുടെയും ഹൃദയത്തിൽ തട്ടിവരുന്നതാണോ ഓരോ വാക്കും എന്നു അദ്ദേഹം ചോദിച്ചാൽ നമുക്കു എന്തു മറുപടിയാണു പറയാനുണ്ടാവുക എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ടു്. ഈ അവസരത്തിൽ വളരുന്ന തലമുറ ഗാന്ധിജിയുടെ ജീവിതമാർഗ്ഗങ്ങളിലൂടെ പുരോഗമിക്കാൻ വേണ്ട പ്രേരണ ചെലുത്തുകയാണു നമ്മുടെ കർത്തവ്യമെന്നാണു ഞാൻ വിശ്വസിക്കുന്നതു്.

സർ, ഞാൻ മുൻപേ സൂചിപ്പിച്ചതുപോലെ ഈ ശുഭാവസരത്തിൽ നമ്മുടെ നാട്ടിൽ വന്നുചേർന്ന പരിവർത്തനത്തെയും, നാം സ്വീകരിച്ചു് നടപ്പാക്കിയിട്ടുള്ള ഗാന്ധിസന്ദേശങ്ങളെയും പറ്റി അനുസ്മരിക്കേണ്ടതാവശ്യമാണു്. മഹാത്മജിയുടെ ആദർശങ്ങളും ഭാരതത്തിനു എക്കാലത്തും പിൻതുടരാൻ സമർത്ഥങ്ങളാണു്. ആയിരമായിരം വർഷങ്ങളും കഴിഞ്ഞാലും ആ മഹാത്മാവിന്റെ സന്ദേശങ്ങളും ഭാരതീയർക്കു് അനുകരണീയങ്ങളായിരിക്കും. ലോകം ഒട്ടുക്കു അതിനു അംഗീകാരവും ഉണ്ടായിരിക്കും. എന്നാൽ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ മഹാനായിരുന്ന ശ്രീബുദ്ധന്റെ സന്ദേശങ്ങളും മറ്റും ഇന്നു ഭാരതത്തിലല്ല, ഭാരതത്തിനു വെളിയിലാണു കൂടുതലായിട്ടു ആദരിക്കുകയും അനുകരിക്കുകയും ചെയ്യുവരുന്നതു്. ഭാവിയിൽ ഒരുകാലത്തു് അതുപോലെ മഹാത്മജിയുടെ ജീവിതപഠനവും നേതൃത്വവും ഭാരതത്തിനു വെളിയിൽമാത്രം ആദരിക്കപ്പെടുകയും ഭാരതീയർ അതെല്ലാം വിസ്മരിക്കുകയും ചെയ്യുന്ന ഒരു സ്ഥിതി ഉണ്ടാകാതിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണു്. ഭാരതീയരുടെ സന്തതി പരമ്പരകളും മഹാത്മജിയുടെ നേതൃത്വവും സന്ദേശങ്ങളും സ്വീകരിച്ചുകൊണ്ടു സ്വാതന്ത്ര്യത്തെ നിലനിറുത്തി അഭിവൃദ്ധി പ്രാപിക്കാനുള്ള പരിശ്രമമാണു നടത്തേണ്ടതു്.

'India is the land of Gandhi' എന്നു ചരിത്രത്തിൽ രേഖപ്പെടുത്തുകയും അന്വയായികവും ഇല്ലാതാവുകയും ചെയ്യുന്ന ഒരു അവസ്ഥ ഉണ്ടാകാതിരിക്കാൻ നമുക്കു പ്രാർത്ഥിക്കാം. ഗാന്ധിജയന്തി ആഘോഷിക്കുന്ന ഈ അവസരത്തിലും ഇൻഡ്യയുടെ പല ഭാഗത്തും അക്രമങ്ങളും അസ്വാസ്ഥ്യങ്ങളും നടമാടുകയാണു്. ധർമ്മത്തിലും നീതിയിലും അധിഷ്ഠിതമായിരുന്ന ഗാന്ധിയുടെ നേതൃത്വം ഇൻഡ്യയ്ക്കുമാത്രമല്ല, ലോകത്തിനാകമാനം തന്നെ രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹികമായും അഭിവൃദ്ധി കൈവരുത്താൻ സഹായകമായിത്തീർന്നിട്ടുണ്ടു്. ആ മഹാനേതാവിന്റെ നേതൃത്വത്തിലൂടെ നാം ഉൾക്കൊണ്ടിട്ടുള്ള സന്ദേശങ്ങളും പ്രവൃത്തിപഥത്തിൽ വരുത്താൻ എല്ലാവരോടും അഭ്യർത്ഥിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടും അദ്ദേഹത്തിനു എന്റെ ആദരാഞ്ജലികളും അർപ്പിച്ചുകൊണ്ടും ഞാൻ ഉപസംഹരിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ലോകമാകെ നമ്മുടെ രാഷ്ട്രപിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ നമ്മുടെ സംസ്ഥാന നിയമസഭയുടെ ആദരാഞ്ജലികളും സമർപ്പിക്കുവാനും മഹാത്മഗാന്ധിയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ ആദർശങ്ങളെ സംബന്ധിച്ചുമുള്ള നമ്മുടെ അഭിപ്രായങ്ങളും ആവർത്തിച്ചുറപ്പിക്കുവാനും അങ്ങു് ഈ വിലയേറിയ സന്ദർഭം ഉണ്ടാക്കിത്തന്നതിൽ അങ്ങയെ ഞാൻ അകമഴിഞ്ഞു് അഭിനന്ദിക്കുകയാണു്. എനിക്കു മുമ്പു പ്രസംഗിച്ച നേതാക്കന്മാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാൻ യോജിക്കുകയാണു്. അതിൽ വളരെയൊന്നും കൂട്ടിച്ചേർക്കുവാൻ ഞാനുദ്ദേശിക്കുന്നില്ല. മഹാത്മാഗാന്ധിയെ സംബന്ധിച്ചുള്ള സാഹിത്യത്തിൽ വളരെ അധികം ഗ്രന്ഥങ്ങളും ലേഖനങ്ങളും ഈ കഴിഞ്ഞ ചില വാരങ്ങളായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുകയാണു്. അദ്ദേഹത്തിന്റെ സന്ദേശത്തെക്കുറിച്ചു് ലോകം ഒരിക്കൽക്കൂടി ചിന്തിക്കുകയാണു്. അതിനാൽ ഈ സന്ദർഭത്തിൽ അതിനെക്കുറിച്ചു് വളരെ ദീർഘമായി ഉപന്യസിക്കണം എന്ന എനിക്കഭിപ്രായം ഇല്ല. മഹാത്മാഗാന്ധിയുടെ ആദർശങ്ങളെക്കുറിച്ചു് വളരെയധികം സംസാരിക്കുവാനും അദ്ദേഹത്തിന്റെ ശതാബ്ദിതന്നെ ആഘോഷിക്കുവാനും നാം അർഹരാണോ എന്നു് ഉന്നത സ്ഥാനീയരായ നേതാക്കളും സംശയിക്കുകപോലും ഉണ്ടായി. മഹാത്മാഗാന്ധിയുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്നതിനെക്കാളും ഏറെ അദ്ദേഹത്തിന്റെ ആദർശങ്ങളുടെ വെളിച്ചത്തിൽ ഒരു ഹൃദയ പരിശോധന നടത്താനാണു് നാം ഈ സന്ദർഭം ഉപയോഗിക്കേണ്ടതു് എന്നു എനിക്കു വിനീതമായ അഭിപ്രായം ഉണ്ടു്. ഏറ്റവും പ്രധാനമായി മഹാത്മജി കരുതിയതു് സമുദായമൈത്രിയായിരുന്നു. അദ്ദേഹം ജീവാർപ്പണം ചെയ്തതും സമുദായമൈത്രിക്കുവേണ്ടി ആയിരുന്നു. നിർഭാഗ്യത്തിലും നിർഭാഗ്യമെന്നു പറയട്ടെ ഗാന്ധിജന്മശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിലാണു്, ഗാന്ധി ജനിച്ച സംസ്ഥാനത്തിൽ തന്നെയാണു് സ്വാതന്ത്ര്യം സമ്പാദിച്ച കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെയുള്ളതു വലിയ ചോര ചൊരിച്ചിൽ ഉണ്ടായതു്. മനുഷ്യനെ മനുഷ്യനായി കാണാനും മതത്തിന്റെ പേരിൽ ഇത്തരം ചോരചൊരിച്ചിൽ ഉണ്ടാക്കുന്നതിനെതിരായി ധർമ്മരോഷം പ്രകടിപ്പിക്കുവാനും നമുക്കു് ഇന്നു് ഒരു ഗാന്ധി ഇല്ലല്ലോ എന്നു നമ്മിൽ ഓരോരുത്തരും വേദനിക്കുന്ന ഒരു സന്ദർഭമാണു് ഇതു്. മഹാത്മജിയെ ഗോദ്സേ ഒരിക്കൽ മാത്രമേ വെടിവച്ചുള്ളൂ. നമ്മിൽ നമ്മുടെ ചെയ്തികൾകൊണ്ടു പലപ്പോഴും അദ്ദേഹത്തിന്റെ ആത്മാവിനെ വേദനിപ്പിക്കുകയാണോ എന്നു എനിക്കു തോന്നാറുണ്ടു്. ഈ സന്ദർഭത്തിൽ മഹാത്മജിയുടെ ജന്മശതാബ്ദി ആഘോഷിക്കുകയും അദ്ദേഹത്തിന്റെ സ്മരണയ്ക്കു് ആദരാഞ്ജലികളും അർപ്പിക്കുകയും ചെയ്യുമ്പോൾ ഭാരതത്തിലെ ജനത പ്രധാനമായും ചെയ്യേണ്ടതു് നമ്മുടെ ഭരണഘടനയുടെ ഏറ്റവും അടിസ്ഥാനപ്രമാണമായ ഒരുപക്ഷേ മഹാത്മജിയിൽ നിന്നും ഉൾക്കൊണ്ട നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിന്റെ അസ്ഥിവാരം ഒരിക്കൽക്കൂടി ഉറപ്പിക്കുകയാണു്. ജീവിക്കുകയും ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യുക എന്ന നിലപാടു് നാം സ്വീകരിക്കുകയും സൗഹാർദ്ദത്തോടുകൂടി എല്ലാവരും ഈ നാട്ടിലെ ജനതയാണെന്നുള്ള വിചാരത്തോടുകൂടി ജീവിക്കുകയും അതിനു പറ്റിയ സാഹചര്യം ഉണ്ടാക്കുകയുമാണു് ആവശ്യം. തന്റെ മതത്തിലും വിശ്വാസപ്രമാണത്തിലും അടിയുറച്ചു നിന്ന ഒരാളായിരുന്നു അദ്ദേഹം. അതുപോലെ തന്നെയായിരുന്നു അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരായ അലി സഹോദരന്മാരും. അങ്ങനെയുള്ള വിശ്വാസങ്ങൾക്കു കണികപോലും ദോഷം വരാതെ എല്ലാവർക്കും യോജിച്ചു രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി ജീവിക്കാം എന്ന തത്വമാണു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദ്കോയ]

അദ്ദേഹവും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരും നൽകിയിട്ടുള്ളതു്. അതു മേലാലും നിലനിറുത്തിക്കൊണ്ടു പോകാനും അതിനു പറ്റിയ സാഹചര്യം നമ്മുടെ നാട്ടിൽ ഉണ്ടാക്കാനും അതിനെതിരായുള്ള എല്ലാ പ്രവണതകളേയും ഇല്ലാതാക്കാനും നമുക്കു സാധിച്ചാൽ മാത്രമേ മഹാത്മജിയുടെ അനന്തരതലമുറ കൾക്കു അദ്ദേഹമഭിലഷിച്ചവിധം ജീവിച്ചുവെന്നഭിമാനിക്കുവാൻ കഴിയുകയുള്ളു.

മറ്റൊരു സംഗതി മഹാത്മജിയുടെ ജീവിതത്തിൽ പ്രധാനമായും ഉണ്ടായിരുന്നതു അധഃസ്ഥിതരും മർദ്ദിതരുമായി നൂറ്റാണ്ടുകളായി അവഗണിക്കപ്പെട്ടുകിടന്ന സമൂഹങ്ങളെ ഉയർത്തുവാൻ അദ്ദേഹം ചെയ്തിട്ടുള്ള കാര്യമാണു്. സ്വാതന്ത്ര്യ സമരത്തെക്കാൾ പ്രാധാന്യം അദ്ദേഹം ഇതിനു നൽകിയിരുന്നു. അദ്ദേഹം അവരെ ദൈവത്തിന്റെ മക്കൾ എന്നാണു് വിളിച്ചതു്. അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ഉണ്ടായിരുന്നിട്ടും ഇന്നും ആ വിഭാഗങ്ങൾക്കുണ്ടായ പുരോഗതി മറ്റു സമൂഹങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമാണു് എന്നുള്ള കാര്യം ഓർക്കുമ്പോൾ ഇങ്ങനെ ഒരു മഹാനുഭാവൻ ഇല്ലായിരുന്നുവെങ്കിൽ ആ സമൂഹങ്ങളുടെ സ്ഥിതി എന്താകുമായിരുന്നു എന്ന കാര്യം നാം ചിന്തിക്കേണ്ടതാണു്. പട്ടികൾക്കും പൂച്ചകൾക്കും വഴി നടക്കാമെന്നും മനുഷ്യൻ മാത്രം മനുഷ്യനു വഴിമാറി കൊടുക്കണമെന്നുമുള്ള സാഹചര്യത്തിൽനിന്നും മനുഷ്യനെ മനുഷ്യനായി കാണാനും സമുദായമദ്ധ്യത്തിൽ ഉയർത്തിക്കൊണ്ടുവരുവാനും അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞു വച്ചിരിക്കുകയായിരുന്നു. അങ്ങനെ പിന്നോക്കം നില്ക്കുകയും കഷ്ടപ്പാടനുഭവിക്കുകയും അവഗണിക്കപ്പെടുകയും ചരിത്രപരമായ കാരണങ്ങളാൽ പുറംതള്ളപ്പെടുകയും ചെയ്ത ജനതയെ മുന്നോട്ടു കൊണ്ടുവരികയെന്നുള്ളതു ദേശീയ കടമയാണു്, രാഷ്ട്രം സ്വാതന്ത്ര്യം അനുഭവിക്കണമെന്നതുപോലെ പ്രാധാന്യം കൊടുക്കേണ്ട കാര്യമാണു് എന്നു മഹാത്മാഗാന്ധി തെളിയിച്ചിട്ടുണ്ടു്. മാർഗ്ഗവും ലക്ഷ്യവും ഒരുപോലെ പരിശുദ്ധമായിരിക്കണമെന്നു നിർബ്ബന്ധമുള്ള ഒരാളായിരുന്നു മഹാത്മജി. അദ്ദേഹത്തിന്റെ ജീവിതത്തിലെ പല സംഭവങ്ങളും അനുസ്മരിക്കപ്പെടേണ്ടതായിട്ടുണ്ടു്. എല്ലാം എടുത്തു പറയുക നമുക്കു ഇപ്പോൾ സാദ്ധ്യമല്ലതന്നെ. അതുകൊണ്ടു നാം ഇപ്പോൾ മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദി ആഘോഷങ്ങൾക്കു നമ്മെ അർഹരാക്കുകയാണു് ചെയ്യേണ്ടതു്. ഇത്രമാത്രം പറഞ്ഞുകൊണ്ടു അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണു് ഞാൻ.

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്) : സർ, മഹാത്മജിയുടെ സ്മരണ പുതുക്കുന്നതിനും അദ്ദേഹത്തിന്റെ ആദർശസുന്ദരമായ ചെയ്തികൾക്കു അഭിവാദ്യങ്ങൾ അർപ്പിക്കുന്നതിനുംവേണ്ടി ഇത്തരം അവസരം സിദ്ധിച്ചു എന്നതിൽ ഞാൻ വളരെയേറെ സന്തോഷിക്കുകയാണു്. ഈ നീണ്ട പ്രസംഗം മഹാത്മജിയുടെ ആദർശപരമായ പ്രവർത്തനങ്ങളെ സംബന്ധിച്ചോ നിർദ്ദേശങ്ങളെ സംബന്ധിച്ചോ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മഹാത്മാഗാന്ധിയെ എല്ലാവരും അനുസ്മരിക്കുന്നു. മഹാത്മാഗാന്ധിയെ അനുസ്മരിക്കാതെ ഭാരതത്തിന്റെ നാമധേയം ഉച്ചരിക്കാൻ ഒരു ഭാരതീയനും അധികാരവും അർഹതയും ഇല്ലെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. അതുകൊണ്ടു അദ്ദേഹത്തിന്റെ സ്മരണ ആരിലും ഉണ്ടെന്നു സമ്മതിച്ചേ തീരൂ. ഒരു പ്രത്യേക വസ്തുതയിലേക്കു മാത്രം എന്റെ ശ്രദ്ധ തിരിഞ്ഞു പോകുകയാണു്. വഴ്ങ്ങൾ വഴ്ങ്ങളോടു് അവകാശങ്ങൾ കൈപ്പറ്റാൻ മത്സരിക്കുമ്പോഴും മറ്റിതർ മറ്റുകരോടു് അവകാശങ്ങൾ കൈപ്പറ്റാൻ സമരം ചെയ്യുമ്പോഴും അവകാശം സിദ്ധിച്ചുകഴിഞ്ഞാൽ ഏതൊരു വസ്തുതയെ ലക്ഷ്യമാക്കികൊണ്ടാണോ അക്രമണ വിധേയമായതു്

LIBRARY ARCHIVES Kerala Legislative Assembly

ആ വസ്തുത അപ്പോഴെ വിസ്മരിക്കപ്പെടുമെന്നുള്ള വസ്തുതയാണു് മഹാത്മജി നമ്മേ ഉൽബോധിപ്പിച്ചിട്ടുള്ള കാര്യം. അതുപോലെതന്നെ അവകാശ സംരക്ഷണത്തിനും സമ്പാദനത്തിനുമുള്ള പരിശ്രമങ്ങളും എല്ലാം ആ പരിശ്രമവേളയിലാണു്. അതു സമ്പാദിച്ചുകഴിഞ്ഞാൽ ഉണ്ടാകേണ്ടതു സഹിഷ്ണുതയുടെ പാഠങ്ങളാണു്. മറ്റിതര വിഭാഗങ്ങളുടെ കാര്യത്തിൽ സൃഷ്ടിപരമായ പ്രവർത്തനരംഗങ്ങളും അദ്ദേഹം കൈകാര്യം ചെയ്തു. അതേ സന്ദർഭത്തിൽത്തന്നെ അവകാശങ്ങളും നിഷേധിക്കപ്പെട്ട വർഗ്ഗങ്ങളും സംഘടിതരായി ഐക്യത്തോടുകൂടി ഉയരുന്നതിനും നിലനിറുത്തുന്നതിനും സഹിഷ്ണുതാബോധത്തോടുകൂടി അവരെ കൊണ്ടുവരുന്നതിനും അങ്ങനെ ആ ശക്തിയേറിയ ആയുധം ഉപയോഗിച്ചുകൊണ്ടു് മർദ്ദകരിൽനിന്നും ചൂഷകരിൽനിന്നും അവകാശങ്ങളും പിടിച്ചുപറ്റാൻ നല്ല സമരവ്യഗ്രതാപാരമ്പര്യം ഉണ്ടായിരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ജീവിതേച്ഛ തീർത്തു എന്ന നിർദ്ദേശം ജനതയ്ക്കു നൽകി നിർബന്ധപൂർവ്വം അവരെ അതിനുൽബുദ്ധരാക്കി ലോകത്തിലാകമാനമുള്ള അവശവിഭാഗങ്ങളും എക്കാലത്തും അനുസ്മരണീയനായി കരുതുന്ന ഒരു മഹാത്മാവാണു് മഹാത്മാഗാന്ധി. ഒരു കാരണത്താൽ അല്ലെങ്കിൽ മറ്റൊരു കാരണത്താൽ അദ്ദേഹത്തിന്റെ ഈ മാതിരിയുള്ള ആദർശങ്ങളിൽ മുറുകെപ്പിടിക്കാത്ത ഒരു ഭാരതീയൻപോലും ഭാഗ്യവശാൽ ഇന്നു കാണുകയില്ല. സമത്വവും സുന്ദരവുമായ അനുഭൂതി ജനങ്ങൾക്കു ക്ലേശപൂർണ്ണമായ പരിശ്രമത്തിൽനിന്നുമാത്രമേ ലഭ്യമാകുകയുള്ളു. ഒരു മോട്ടോർയന്ത്രം മുന്നോട്ടുപോകുന്നതിനു യന്ത്രം ചൂടുപിടിക്കേണ്ടതാവശ്യമാണു്. എന്നാൽ അതിൽത്തന്നെ ചൂടു അധികമായാൽ നിയന്ത്രിക്കുന്നതിനാവശ്യമായ യന്ത്ര സാമഗ്രികളുംകൂടി ഘടിപ്പിച്ചില്ലെങ്കിൽ അതിന്റെ പോക്കു് അപകടത്തിലാകും. ഇങ്ങനെയുള്ള പ്രകൃതി നിർദ്ദേശിക്കുന്ന യാന്ത്രിക തത്വങ്ങളെ വ്യക്തമായിട്ടുള്ള ചെയ്തികളിൽക്കൂടിയും പ്രവർത്തനങ്ങളിൽക്കൂടിയും ആദർശസുന്ദരമായ നിർദ്ദേശങ്ങളിൽക്കൂടിയും ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനും സുശക്തമായി നിലനിറുത്തുന്നതിനും അദ്ദേഹത്തിന്റെ ജീവിതത്തിൽ ആകമാനം ശ്രദ്ധിച്ചിരുന്നതായി കാണാൻ കഴിയും. അദ്ദേഹത്തിന്റെ ആദർശം നടപ്പിൽവരുത്തുവാൻ ഭാരതം പല കാരണങ്ങളാൽ പരാജയപ്പെട്ടിരിക്കുകയാണു്. മഹാത്മാഗാന്ധി ഏതെല്ലാം ആദർശങ്ങളും മുറുകെപ്പിടിച്ചു പ്രവർത്തിച്ചിരുന്നുവോ ആ കാര്യങ്ങളിലെല്ലാം ഭാരതം ഇന്നു പരാജയപ്പെട്ടിരിക്കുകയാണെന്നു ഭാരതത്തിൽ ഉടനീളം ഇന്നു സംഭവിക്കുന്ന കാര്യങ്ങളും നോക്കിയാൽ കാണാൻ കഴിയും. അവയിൽനിന്നും രക്ഷപ്പെടുവാനായി ഈ കാലഘട്ടത്തിൽ മഹാത്മജിയുടെ വൃതചര്യ ചിന്തിച്ചു് പഠിച്ചു് പ്രചരണം നടത്തേണ്ടതിന്റെ ഉത്തരവാദിത്വം നാം ഏറ്റെടുത്തിരിക്കേണ്ടതാണു്. മനുഷ്യൻ മനുഷ്യനെ സഹായിക്കുക എന്ന ധർമ്മതത്വം നാം ഉപേക്ഷിച്ചുകൂടാ. രാഷ്ട്രീയരംഗത്തും സാമ്പത്തികരംഗത്തും സാമൂഹ്യ രംഗത്തും ഉള്ള വ്യത്യാസങ്ങളും അവസാനിപ്പിക്കുന്നതിനും സമുദായ സൗഹാർദ്ദം നിലനിറുത്തി ഐക്യത്തിൽക്കൂടി ഏകീകരിച്ചുകൊണ്ടു പോകുന്നതിനും നമ്മുടെ കയ്യിലും ഹൃദയത്തിലും മസ്തിഷ്കത്തിലും ഉദിച്ചുയരുന്ന ആദർശം മനുഷ്യൻ മനുഷ്യനെ സഹായിക്കുക എന്നുള്ളതായിരിക്കണം. ഈ സന്ദേശം ആകമാനം അംഗീകരിക്കുവാൻ ഭാരതത്തിൽ ഏറ്റവും ബാദ്ധ്യതപ്പെട്ട സംസ്ഥാനമാണു് കേരളമെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല. കേരളീയ ജനത ആദർശങ്ങളുമായി കൂടുതൽ സമീപിക്കുവാനുണ്ടു്. ഞാൻ ഇതു പറയുവാൻ കാരണം സംസ്ഥാനങ്ങളും സംസ്ഥാനങ്ങളും തമ്മിലും ജില്ലകളും ജില്ലകളും തമ്മിലും ദേശങ്ങളും ദേശങ്ങളും തമ്മിലും ജാതിയും ജാതിയും തമ്മിലും മതവും മതവും തമ്മിലും ഉയർന്നവനും ചെറിയവനും തമ്മിലും പണക്കാരനും യാചകനും തമ്മിലും ഉണ്ടാകുന്ന സംഘട്ടനങ്ങളിൽനിന്നും ഉണ്ടാകുന്ന അസുഖകരമായ കോളിളക്കങ്ങളാണു് നമ്മുടെ നാട്ടിൽ കാണുന്നതു്. സുശക്തമായ ക്രമീകരണത്തിന്റെ ഫലമായിട്ടു് സമഗ്രമായ പരിപാടികളും ഇതിനെതിരായി ആസൂത്രണം ചെയ്യാനുള്ള ബോധം ഇതുപോലുള്ള ജനപ്രതിനിധിസഭകളും ഉണ്ടാകണം. പരസ്പരം യോജിപ്പു് ഇല്ലാത്തവനേയും ഉള്ളവനാക്കിതീർക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

സവിശേഷത ഉണ്ടാകണം. അതിനായി നാം പ്രവർത്തിക്കുമെന്നു പ്രതിജ്ഞ എടുക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിക്കുവാൻ അവസരം കിട്ടിയതിൽ നന്ദിയും രേഖപ്പെടുത്തുവാൻ ഞാനീയവസരം വിനിയോഗിക്കുകയാണു്.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, രാഷ്ട്രപിതാവിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന നാം, അദ്ദേഹത്തെ പാടെ മറന്നു കഴിഞ്ഞിരിക്കുന്നതായി പല പ്രമുഖനേതാക്കളും പറഞ്ഞുകേട്ടു. മഹാത്മജിയുടെ ഉപദേശങ്ങളും ജനങ്ങളും മറന്നു പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ജനങ്ങളും നന്ദികെട്ടവരായിട്ടുമല്ല, ഉപദേശങ്ങളും വില ഇല്ലാത്തവയായിട്ടുമല്ല. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ നാട്ടിൽ ഉണ്ടായ ഒരു പ്രത്യേക പ്രതിഭാസത്തിന്റെ ഫലമാണിതു്.

നൂറാണ്ടുകളായി അടിമത്വത്തിൽ അമർന്നു് അഭിമാനബോധം നശിച്ചു്, ആത്മവിശ്വാസം തകർന്നു്, ധാർമ്മിക സാമ്പത്തിക അധഃപതനത്തിന്റെ പെരിക്കുണ്ടിലാണ്ടുപോയ ഒരു ജനതയുടെ ഉയർത്തെഴുന്നേൽപ്പിന്റെ നേതാവാണു് മഹാത്മാഗാന്ധി.

ഭാരതജനത നടത്തിയ ത്യാഗോജ്ജ്വലമായ സ്വാതന്ത്ര്യസമരത്തിന്റെ പ്രതീകമായാണു് അദ്ദേഹത്തെ കാണേണ്ടതു്. ആ സ്വാതന്ത്ര്യ സമരത്തെ മാനിക്കാൻ കഴിയാത്തവർക്കു് ഗാന്ധിജിയെ ഓർക്കാൻ കഴിയുകയില്ല. ഇന്നത്തെ വളരുന്ന തലമുറയിൽ എത്ര ശതമാനം ആളുകൾക്കു് നമ്മുടെ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചു് വേണ്ടത്ര അറിവുണ്ടു്. ഇന്നു് നാം അനുഭവിക്കുന്ന ജനാധിപത്യാവകാശങ്ങളും സമ്പാദിക്കുന്നതിനു വേണ്ടിവന്ന ക്ലേശഭൂയിഷ്ഠവും യാതനാപൂർണ്ണവുമായ സമരത്തിന്റെ കഥ എത്ര പേർക്കറിയാം. സ്വാതന്ത്ര്യ സമരത്തിന്റെ ബലിക്കല്ലിൽ ആത്മാർപ്പണം ചെയ്ത പരശതം ധീര രക്തസാക്ഷികളുടെ വർണ്ണശബളമായ ജീവിതം വല്ലപ്പോഴുമെങ്കിലും അനുസ്മരിക്കുന്നവർ എത്രപേരുണ്ടു്.

സർ, ഇതൊന്നും കഴിയാത്ത ഒരു ജനതക്കു് ഈ നവോത്ഥാനത്തിന്റെ, ആത്മാഭിമാനത്തിന്റെ, ആത്മാഭിമാനവിജൃംഭണത്തിന്റെ, ത്യാഗത്തിന്റെ, സമരത്തിന്റെ പ്രതീകമായ മഹാത്മജിയെ ഓർക്കാൻ കഴിയുകയില്ല. അതിൽ അത്ഭുതപ്പെട്ടിട്ടു കാര്യവുമില്ല. ഇതെങ്ങനെ സംഭവിക്കുന്നുവെന്നതാണു് പ്രശ്നം. രാഷ്ട്രാധികാരത്തിന്റെ ഉന്നതതലങ്ങളിൽ കക്ഷികളുടെ നേതൃസ്ഥാനങ്ങളിൽ സാഹിത്യ സാംസ്കാരിക പ്രസ്ഥാനങ്ങളുടെ മുന്നണിയിൽ ഇന്നു നിലയുറപ്പിച്ചിട്ടുള്ള പലർക്കും സ്വാതന്ത്ര്യസമരവും അതിന്റെ മഹാത്മ്യവും ജനങ്ങളും മറക്കണമെന്നു് ആഗ്രഹമുള്ളവരാണു്. ജനങ്ങളും ഇതൊക്കെ മറക്കുന്നതിൽ മാത്രമാണു് ഈ കൂട്ടരുടെ മാന്യതയും നിലനിൽപ്പുപോലും ആശ്രയിച്ചിരിക്കുന്നതു്. അഞ്ചാം പത്തിക്കാരും, ശത്രുവിന്റെ പാദദാസന്മാരും കൂലി ആളുകളുമായിരുന്നവരുടെ കറുത്ത ചിത്രം മറയ്ക്കണമെങ്കിൽ ജനത സ്വാതന്ത്ര്യസമരത്തെക്കുറിച്ചു് ഓർക്കാതിരിക്കണം. ഈ നിക്ഷിപ്തതാല്പര്യക്കാരാണു് ബോധപൂർവ്വം ജനങ്ങളുടെ മനഃസ്ഥിതിയിൽ ഈ മായാജാല പ്രയോഗം നടത്തുന്നതു്.

സർ, ഇന്നലയെക്കുറിച്ചു് അറിയാൻ കഴിയാത്ത ഒരു ജനതയ്ക്കു് ഇന്നുകളിൽ കർമ്മനിരതരാകാനൊക്കുകയില്ല, നാളെക്കു വേണ്ടതു വിഭാവനം ചെയ്യാനും കഴിയുകയില്ല. ഈ സത്യം കണക്കിലെടുത്തു് വേണ്ട കർമ്മപദ്ധതി ആസൂത്രണം ചെയ്യാൻ നാം ഈ അവസരം ഉപയോഗിച്ചാൽകൊള്ളാം. മഹാത്മജിയുടെ അപദാനങ്ങളും ചവ്വിതചവ്വണം ചെയ്യാൻ മുതിരുന്നില്ല. പാഷണ്ഡകാർക്കശ്യതയിൽ കാവ്യതല്പരങ്ങളും മൊട്ടിടുന്ന ഇവിടെ എന്നുള്ളതു് ഈ ദിനത്തിന്റെ മാഹാത്മ്യത്തിന്റെ ഏറ്റവും വലിയ തെളിവാണു്. അഹിംസയും അക്രമ

LIBRARY ARCHIVES Kerala Legislative Assembly

രാഹിത്യവും, മാത്രമേ ആകാവൂ എന്നദ്ദേഹം ഒരിക്കലും പറഞ്ഞിട്ടില്ല. വിശേഷിച്ചു് മർദ്ദിതരും, ചൂഷിതരും അധഃസ്ഥിതരുമായ ജനതയോടു് സർവ്വശക്തിയും എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചു് അനീതിയെ ചൂഷണത്തെ എതിർക്കാനാണു് അദ്ദേഹം ആഹ്വാനം ചെയ്തതു്. നിസ്വാർത്ഥതയേയും സത്യസന്ധതയേയും ആത്മാർത്ഥതയേയും നീതിയേയും എല്ലാത്തിനും ഉപരിയായി കണ്ട മഹാനാണദ്ദേഹം. ഇതെല്ലാം ഉപദേശിച്ച സ്വന്ത ജീവിതത്തിൽ പ്രായോഗികമാക്കി കാണിച്ച ആ യുഗപ്രഭാവന്റെ മരണാനന്തരം, ആ നേതൃത്വം സ്വീകരിച്ചിരുന്ന ജനത, ഇത്രപെട്ടെന്നു് ആദർശൗന്നത്യത്തിൽനിന്നു് അധഃപതനത്തിന്റെ ചെളിക്കുണ്ടിൽ ആഴ്ന്നുപോയതു് വിസ്മയകരമാണു്. ഈ അധഃസ്ഥിതിക്കു് സാമ്പത്തികവും സാമൂഹ്യവുമായ കാരണങ്ങൾ ഉണ്ടാകാം. രാഷ്ട്രീയ കാരണങ്ങളും കണ്ടേക്കാം. ഈ പാവനമായ അവസരത്തിൽ പൊതുജീവിതത്തിൽ സംശുദ്ധിയും സത്യസന്ധതയും ഉയർത്തിപ്പിടിക്കാൻ വീണ്ടെടുക്കാൻ ആവശ്യമായ ധീരത നമുക്കു് പ്രകടിപ്പിക്കാം. ഈ നാടിന്റെ ധാർമ്മികവും സാംസ്കാരികവും രാഷ്ട്രീയവുമായ നവോത്ഥാനത്തിന്റെ പ്രതീകമായ പ്രേരണാശക്തി ആയിരുന്ന മഹാത്മാഗാന്ധിയുടെ ആവേശകരമായ സ്മരണക്കു് മുൻപിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. അബു: സർ, മഹാത്മാഗാന്ധിയെ ഏറ്റവും വലിയ ഒരു പ്രതിഭാസമായിട്ടാണു് ഈ ലോകം അംഗീകരിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ വ്യക്തിത്വം മറക്കും ഇല്ലാത്ത വിധത്തിൽ ഉയർന്നതാണു്. ലോകം മഹാത്മാഗാന്ധിയിൽ കൂടി ഇൻഡ്യയെ അറിയുകയുണ്ടായി. ഗാന്ധിജിയെ കുറിച്ചു് ധാരാളം പറയുവാനുണ്ടു്. ടൺ കണക്കിനു് അദ്ദേഹത്തിന്റെ ആദർശത്തെക്കുറിച്ചും മാഹാത്മ്യത്തെക്കുറിച്ചു് പറയുവാനുണ്ടു്. പക്ഷെ അതിൽ ഒരു ഔൺസു പോലും ജീവിതത്തിൽ പകർത്തിയെടുക്കാൻ നാം ആരുംതന്നെ ശ്രമിച്ചിട്ടില്ലെന്നുള്ളതാണു് വാസ്തവം. അദ്ദേഹത്തിനു് ജന്മം കൊടുത്ത ഗുജറാത്തിൽ ഇന്നു് എന്തു് നടക്കുകയാണു്? മഹാത്മാഗാന്ധിയുടെ ആദർശങ്ങളിൽ വിശ്വസിക്കാത്ത ആളുകൾപോലും ഇന്നുണ്ടു്. അദ്ദേഹത്തിന്റെ തത്വങ്ങൾ ശരിയല്ലെന്നും പ്രായോഗികമല്ലെന്നും പറയുന്നവരുമുണ്ടു്. എങ്കിലും മഹാത്മാഗാന്ധിയെ ബഹുമാനിക്കാത്ത ആളുകൾ ഇൻഡ്യയിലോ ഇൻഡ്യയ്ക്കു് പുറത്തോ ഇല്ല. നിയമം കൈയിലെടുക്കുമ്പോൾ സമരം ചെയ്യുന്ന ആളുകളെക്കുറിച്ചു് പറഞ്ഞിരുന്നു. മഹാത്മാഗാന്ധി നിയമം കൈയിലെടുത്തിരുന്നു. മഹാത്മാഗാന്ധി ബീഹാറിൽ ചമ്പാരൻ എന്ന സ്ഥലത്തെ കർഷകർക്കുവേണ്ടി സമരം ചെയ്തിരുന്നു. ആ സമരത്തിൽ ഒരു വക്കീലെന്നുള്ള നിലയിൽ ഉപദേശിക്കാൻ ചെന്നിരുന്ന രാജൻ ബാബുവിനെ ആ സമരത്തിലെ ഒരു ധീരനായ സേനാനിയാക്കി മാറ്റാൻ മഹാത്മാഗാന്ധിക്കു് കഴിഞ്ഞു. ഗാന്ധിജിക്കു് ആദരാഞ്ജലികൾ അർപ്പിക്കുന്ന ഈ നിയമസഭതന്നെ അദ്ദേഹത്തിന്റെ ആദർശങ്ങളിലെ ചിലതെങ്കിലും നടപ്പിൽ വരുത്താൻ ശ്രമിക്കുന്നുണ്ടോ? മാതൃഭാഷയും ദേശീയ ഭാഷയും ഗാന്ധിജിക്കു് എത്രമാത്രം പ്രിയമുള്ളതാണെന്നു് ഹരിജനിൽ എഴുതിയിട്ടുണ്ടു്. ഒരു കുഞ്ഞു മാതാവിനെ അള്ളിപ്പിടിക്കുന്നതുപോലെയാണു് ഞാൻ എന്റെ മാതൃഭാഷയേയും ദേശീയഭാഷയേയും സ്നേഹിക്കുന്നതു്. അദ്ദേഹത്തിനു് ആദരാഞ്ജലികൾ അർപ്പിക്കുന്ന ഈ സന്ദർഭത്തിലെങ്കിലും നമ്മുടെ മാതൃഭാഷ ദേശീയഭാഷ നടപ്പിലാക്കുന്നതിനുള്ള നടപടിയെങ്കിലും എടുക്കുന്നതിനു് ഈ ഗവണ്മെന്റു തയ്യാറാകുമോ? അതിനു് തയ്യാറാകാതെ അതിനെതിരായി മുമ്പോട്ടുവരികയാണു് ഇപ്പോൾ ചെയ്തുവരുന്നതു്. ഗാന്ധിജിയുടെ തത്വങ്ങളും സിദ്ധാന്തങ്ങളും സ്വീകാര്യമല്ലാത്തവക്കു കൂടി ചില ചില കാര്യങ്ങളെങ്കിലും നടപ്പിൽ വരുത്തണമെന്നുള്ള ആഗ്രഹം കാണും. ഗാന്ധിജി ചെറുകിട വ്യവസായത്തെക്കുറിച്ചു് പറഞ്ഞിരുന്നു. വിദ്യുച്ഛക്തി ഉപയോഗിച്ചുകൊണ്ടുള്ള കുടിൽവ്യവസായത്തെക്കുറിച്ചും അദ്ദേഹം പറഞ്ഞിരുന്നു. ഇക്കാര്യങ്ങളെപ്പറ്റിയെല്ലാം ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. അബു]

എപ്പോഴെങ്കിലും ചിന്തിക്കാറുണ്ടോ ? അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങളിലേക്കു് നമ്മുടെ ചിന്ത തിരിച്ചു വിടാൻ ശ്രമിച്ചുകൂടേ? ഹിന്ദുമുസ്ലീം മൈത്രിക്കു് എത്ര മാത്രം പ്രാധാന്യം കൊടുത്തിരുന്നുവെന്നു് അദ്ദേഹത്തിന്റെ ജീവചരിത്രം നോക്കിയാൽ മനസ്സിലാക്കാവുന്നതാണു്. അദ്ദേഹം ആദ്യമായി നിരാഹാര സത്യഗ്രഹം നടത്തിയതു് മൗലാനാ മുഹമ്മദ ആലിയുടെ വസതിയിൽ വെച്ചായിരുന്നു. അതുപോലെതന്നെ അദ്ദേഹം ഡൽഹിയിലുള്ള ജുമാമസിജിദിൽ ഞങ്ങളുടെ പ്രാത്ഥനസ്സുള്ള മിമ്പാരിൽ കയറിനിന്നു പ്രസംഗിച്ചിട്ടുണ്ടു്. കിലാബത്തു് പ്രസ്ഥാനത്തിൽ അദ്ദേഹം പങ്കെടുത്തിട്ടുണ്ടു്. അദ്ദേഹം അനേകം മുസ്ലീം പള്ളികളിൽ പോയിട്ടുണ്ടു്. ആ സന്ദർഭങ്ങളിലെല്ലാംതന്നെ മുസ്ലീങ്ങൾ അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തിനു് സമുന്നതമായ പദവി കൊടുക്കുകയും ചെയ്തിട്ടുണ്ടു്. മുസ്ലീം ജനതയും ശാന്തരാണു് കുഞ്ഞാടുകളാണു്. അദ്ദേഹത്തിനു് ഈ സന്ദർഭത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതുതന്നെ വലിയൊരു നേട്ടമാണു്. പക്ഷെ ഈ ചടങ്ങുകൾ കൊണ്ടൊന്നും കാര്യമായില്ല. അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ചിലതെങ്കിലും നടപ്പിലാക്കാൻ ശ്രമിക്കുമോ? അദ്ദേഹം ഹരിജനോദ്ധാരണത്തിനു് വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. അദ്ദേഹത്തിനു് ആദരാഞ്ജലി അർപ്പിക്കുന്ന ഈ നിയമസഭയും മറ്റു നിയമസഭകളും പാർലമെന്റും ഹരിജനങ്ങൾക്കു് ഉദ്യോഗം കൊടുക്കുന്ന കാര്യത്തെപ്പറ്റിയോ അവർക്കു് എന്തെങ്കിലും സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തെപ്പറ്റിയോ ചിന്തിക്കാറുണ്ടോ? നാം യാഥാർത്ഥ്യബോധത്തോടുകൂടി ഗാന്ധിജിയുടെ നിർദ്ദേശങ്ങളിൽ സ്വീകരിക്കാൻ സാധിക്കുന്നവയെങ്കിലും സ്വീകരിക്കുന്നതിനുള്ള സന്മനോഭാവം കാണിക്കേണ്ടതാണു്. അദ്ദേഹത്തിനു് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): ഞാൻ വളരെ ചെറുപ്പമായിരുന്നപ്പോഴാണു് ഗാന്ധിജിയെപ്പറ്റി ആദ്യമായി കേട്ടതു്. ചെറിയ ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഇൻഡ്യാ രാജ്യത്തിനു് സ്വാതന്ത്ര്യമില്ലാത്തതുകൊണ്ടു് ബ്രിട്ടീഷു് സാമ്രാജ്യത്തിനെതിരെ സമരം ചെയ്യണമെന്നും, ആ സമരം ചെയ്യുന്ന ഘട്ടങ്ങളിൽ നികുതി നിഷേധം തുടങ്ങി പല നിയമങ്ങളും ലംഘിക്കണമെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചതാണു് ഞാൻ ആദ്യമായി കേട്ടതു്. സ്വാഭാവികമായി കൽപ്പനകളെ ലംഘിച്ച ആദാമിന്റെ മകനായ എനിക്കും അദ്ദേഹത്തിന്റെ ശിഷ്യപദവി വേണമെന്നു് അന്നുതന്നെ തീരുമാനിച്ചിരുന്നു. സാമ്രാജ്യ വിരോധികളുടെ ചരിത്രത്തിൽ മോസസ്സു്, ജീസസ്സു്, മാർക്സു് ഇങ്ങനെ അനേകം ആളുകളെപ്പറ്റി കേൾക്കുന്നുണ്ടു്. അവർക്കെല്ലാം ഓരോ പ്രത്യേകതകളുണ്ടായിരുന്നു. വിപുലമായ ജനസഞ്ചയത്തോടുള്ള അകൈതവമായ സ്നേഹമാണു് അവരുടെ പ്രവർത്തനങ്ങളിൽ എപ്പോഴും മുന്നിട്ടു നിന്നിട്ടുള്ളതു്. അതുപോലെതന്നെ ഗാന്ധിജി ഇൻഡ്യയിലെ അസ്വതന്ത്രരായ ജനങ്ങളുടെ നേരെ തിരിഞ്ഞുകൊണ്ടു് സ്വാതന്ത്ര്യം നേടുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പറയുമ്പോഴെല്ലാം ആ ജനങ്ങളെ എങ്ങനെ അതിൽക്കൂടി മുന്നോട്ടു കൊണ്ടുപോകണമെന്നും സ്വാതന്ത്ര്യത്തിന്റെ യുദ്ധക്കളത്തിലേക്കു് പര്യാപ്തമായ സൈനികരാക്കി മാറ്റിയിട്ടുണ്ടെന്നുള്ളതുമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ വിജയം. അദ്ദേഹം ഇതിനുവേണ്ടി ദരിദ്രനാരായണന്റെ വേഷം എടുത്തപ്പോഴും, ദണ്ഡിയിലെ ഉപ്പുസത്യഗ്രഹത്തിന്റെ ഉത്ഘാടനത്തിനു മുതിർന്നപ്പോഴും, 1942-ൽ ആയുധമെടുത്തെങ്കിലും സാമ്രാജ്യത്വത്തെ പുറത്തിറക്കണമെന്നു് നിർബന്ധമായി പറഞ്ഞപ്പോഴുമെല്ലാം, ഇൻഡ്യയുടെ സ്വാതന്ത്ര്യം അദ്ദേഹത്തിന്റെ പ്രാണവായുവായി കണക്കാക്കിയിരുന്നു എന്നുള്ളതാണു് ഇൻഡ്യൻ ജനതയ്ക്കു് അദ്ദേഹത്തോടുള്ള ആദരവിനും ബഹുമാനത്തിനും സ്മരണയ്ക്കും ഏറ്റവും വലിയ കാരണം. മറ്റെന്തെല്ലാം നല്ല കാര്യങ്ങൾ അദ്ദേഹം പറഞ്ഞിട്ടുണ്ടെങ്കിലും, സനാതനമായ ലോകകാര്യങ്ങളിൽ,

LIBRARY ARCHIVES Kerala Legislative Assembly

പലരും പറഞ്ഞിട്ടുള്ള കാര്യങ്ങൾ അദ്ദേഹം ആവർത്തിക്കുകയും നല്ല കാര്യങ്ങൾ ഉറച്ചുനിന്നു പറയുകയുംചെയ്തു എന്നല്ലാതെ തത്വജ്ഞാനത്തിന്റെ മേഖലയിൽ സ്വതന്ത്രമായി കടന്നു് പുതുതായി യാതൊന്നും അർപ്പിച്ചിട്ടില്ല. ജീവിതത്തിന്റെ മേഖലയിൽ അദ്ദേഹം മനുഷ്യനു് നൽകിയ ഉദാരമായ സംഭാവനകളാണു് അദ്ദേഹത്തെ അവിസ്മരണീയനാക്കിയതു്.

ഇന്നു് അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുകയാണു്. ലോകത്തിന്റെ എല്ലാ ഭാഗത്തും ഈ ജന്മശതാബ്ദി ആഘോഷിക്കുന്നുണ്ടു്. ബ്ലൂംസ്ഫീൽഡു് എന്ന ഇംഗ്ലീഷു് ജഡ്ജി വിധിന്യായം എഴുതിയപ്പോൾ പറഞ്ഞു, എല്ലാ കാര്യവും ശരിയാണു്, പക്ഷേ എപ്പോഴും നിയമത്തിനു മനുഷ്യരെ ബഹുമാനിക്കാൻ സാധിക്കുകയില്ലെന്നു്. അതിനു മറുപടിയായിട്ടല്ലെങ്കിലും, മനുഷ്യനെ ബഹുമാനിക്കാത്ത നിയമത്തെ മനുഷ്യനു് ബഹുമാനിക്കാൻ സാധിക്കുകയില്ലെന്നു് മഹാത്മജി വ്യക്തമാക്കിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഏറ്റവും വലിയ വെല്ലുവിളി ബ്രിട്ടീഷു് സാമ്രാജ്യത്വത്തോടായിരുന്നു. കാരണം, ഇൻഡ്യയിലുള്ള ജീവിതവും, ബ്രിട്ടീഷുകാർക്കു് സ്വാതന്ത്ര്യംകൊണ്ടു നേടിയ നേട്ടങ്ങളും വിലയിരുത്തിയപ്പോൾ ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം കൈവരിക്കണമെന്നും, ഇൻഡ്യയിലെ ജനത, ബ്രിട്ടനിലെ ജനത അനുഭവിക്കുന്ന സുഖത്തിന്റെ ഏറ്റവും ചുരുങ്ങിയ തോതെങ്കിലും അനുഭവിക്കണമെന്നുമുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. ഇതു് ദൈവികമായ ബോധമാണോ, അതല്ല പ്രകൃതി ദത്തമായ ബോധമാണോ എന്നു ഞാൻ പറയുന്നില്ല. മോസസു് യഹൂദജനതയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഫറോ ചക്രവർത്തിക്കെതിരായി യുദ്ധം ചെയ്യുകയാണുണ്ടായതു്. യേശുക്രിസ്തു റോമൻ സാമ്രാജ്യത്തിനെതിരായി സമരം ചെയ്യാൻ നിർബ്ബന്ധിതനായി. എല്ലാ സ്വാതന്ത്ര്യപ്രേമികളും സാമ്രാജ്യത്വത്തിനെതിരായ കൂട്ടത്തിൽ ഗാന്ധിജിയും അതിനെതിരായി. അതിനെതിരെ അദ്ദേഹം സന്ധിയില്ലാ സമരം നടത്തി. അദ്ദേഹം സന്ധിയില്ലാ സമരം നടത്തിയതു് ഇൻഡ്യയിലെ അസമത്വം അനുഭവിക്കുന്ന ജനങ്ങൾക്കുകൂടി വേണ്ടിയായിരുന്നു. ഇൻഡ്യയിലെ തൊഴിലാളി വർഗ്ഗത്തിനു് നേതൃത്വം കൊടുക്കുന്നതിനുവേണ്ടി, കാർഷികത്തൊഴിലാളികൾക്കു് നേതൃത്വം കൊടുക്കുന്നതിനുവേണ്ടി, അഹമ്മദാബാദിലും ചമ്പാരനിലും ഇൻഡ്യയുടെ എല്ലാ ഭാഗത്തും സ്വാതന്ത്ര്യനാളത്തിനു് വായുവും ജീവനും നൽകുന്നതിനുവേണ്ടി അദ്ദേഹം അഹോരാത്രം പ്രയത്നിച്ചു. ഇൻഡ്യയിലെ ജനതയ്ക്കു് ഒരു പുതിയ ചൈനത്യവും ആവേശവും നൽകുന്നതിനു് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ടു്. അദ്ദേഹം എന്നുമെന്നും, ലോകാവസാനംവരെ സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ തത്വങ്ങളായിരിക്കുകയല്ല, അദ്ദേഹത്തിന്റെ പ്രവൃത്തികളായിരിക്കും ലോകം എന്നുമെന്നും സ്മരിക്കപ്പെടുക. തത്വങ്ങൾ ഗ്രന്ഥങ്ങളിൽ എഴുതിവയ്ക്കാം. മനുഷ്യന്റെ പ്രവർത്തിക്കാണു് മഹത്വം കല്പിക്കേണ്ടതു്. അദ്ദേഹത്തിന്റെ ആദർശങ്ങളനുസരിച്ചു് ഓരോരുത്തരും നീങ്ങുകയും, പുതിയ കാലഘട്ടത്തിനനുസരിച്ചു് പുതിയ രൂപങ്ങൾ വരുത്തി അദ്ദേഹത്തിന്റെ ആദർശങ്ങളിൽ ഉറച്ചുനിൽക്കുകയും ചെയ്യണമെന്നാണു് എനിക്കു പറയാനുള്ളതു്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു് ലോകമെങ്ങും ആദരാഞ്ജലികൾ അർപ്പിക്കുന്ന ഈ സന്ദർഭത്തിൽ ഞാൻ എന്റെ എളിയ ആദരാഞ്ജലികൾ സമർപ്പിച്ചുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ആരോഗ്യ മന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): അങ്ങയുടെ പിൻപിൽ കാണുന്ന ആ മുട്ടിറങ്ങാത്ത മുണ്ടുടുത്ത അർദ്ധനഗ്നന്റെ ചിത്രം നോക്കി ഞാൻ ഇരിക്കുകയായിരുന്നു. എനിക്കു് മുൻപു സംസാരിച്ച സുഹൃത്തുക്കളിൽ പലരും പറഞ്ഞതു് കേൾക്കാൻ സാധിക്കാത്ത രീതിയിൽ ആ ചിത്രം എന്നെ ആകർഷിച്ചു. ഭാരതീയരെ രാഷ്ട്രീയമായി മോചിപ്പിച്ചാലെ ഈ രാജ്യത്തിലെ ദരിദ്രനാരായണന്മാർക്കു് സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടാവൂ എന്നു പറഞ്ഞ ഗാന്ധിജിയും, രാഷ്ട്രീയ സ്വാതന്ത്ര്യം നേടിവന്നപ്പോൾ, ഗാന്ധിജി നമ്മെ വിട്ടുപോയി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബി. വെല്ലിംഗ്ടൺ]

കാലം ഏറെയായെങ്കിലും നമുക്കു് സാമ്പത്തിക സ്വാതന്ത്ര്യം നേടിയെടുക്കാൻ സാധിച്ചില്ലല്ലോ എന്നതും എന്നെ ചിന്തിപ്പിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ, നമുക്കു് സാമ്പത്തിക സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനു് എന്തുമാത്രം മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളതും ചിന്തിക്കുന്നതു് ഉചിതമായിരിക്കും. ദീർഘമായി ആ കാര്യത്തെപ്പറ്റി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതോടൊപ്പം രണ്ടു കാര്യങ്ങളും ഈ സന്ദർഭത്തിൽ ഞാൻ ഓർത്തുപോകുകയാണു്. ആഫ്രിക്കയിൽവെച്ചു് ബൂട്ടുസിട്ടു് ചവിട്ടുകൊണ്ടു് ചോര ഒലിച്ച കാലത്തു്, ആ ചവുട്ടിയ മനുഷ്യനോടു്, സഹോദരാ, കാലിനു് വേദന തോന്നുന്നുണ്ടോ, എങ്കിൽ തിരുമ്മിത്തരാം എന്നു പറഞ്ഞ ഗാന്ധിജിയും, ബോംബെയിൽ ബ്രിട്ടീഷു് പട്ടാളക്കാർ അവിടത്തെ സഹോദരിമാരെ ആക്രമിച്ചതറിഞ്ഞപ്പോൾ അതിനെ പല്ലും നഖവും ഉപയോഗിച്ചു് എതിർക്കാമായിരുന്നില്ലേ എന്നു പറഞ്ഞ ഗാന്ധിജിയുടെ ചിത്രവും എന്റെ മനസ്സിൽ മാറി മാറി വരികയാണു്. ഒരു വശത്തു് സത്യവും നീതിയും കണ്ടുകൊണ്ടു് മുന്നോട്ടു നീങ്ങുമ്പോൾ മറുവശത്തു് ധർമ്മസമരം നടത്തുന്ന ആളുകളെ അടിച്ചമർത്താൻ വരുന്ന ശക്തികൾക്കെതിരെ മുദ്രാവാക്യവും മുഴക്കി മുന്നോട്ടു നീങ്ങുന്ന കാഴ്ചയും കാണാൻ കഴിയുമായിരുന്നു. അദ്ദേഹം എന്തു് ആദർശത്തിനു വേണ്ടി നിലകൊണ്ടിരുന്നോ അതു് നമ്മുടെ ജീവിതത്തിൽ പകർത്തുന്നതിനു് നമുക്കു് ഈ സന്ദർഭത്തിൽ പ്രതിജ്ഞയെടുക്കാം. അദ്ദേഹത്തിന്റെ അപദാനങ്ങളെപ്പറ്റി പ്രകീർത്തിക്കുകയും, ജീവിതത്തെ കഴിയുന്നിടത്തോളം പകർത്തുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തിനു് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടു് എനിക്കു് പറയാനുള്ളതു്, അദ്ദേഹം കാണിച്ചുതന്ന മാർഗ്ഗങ്ങളിൽക്കൂടി ഇന്നത്തെ കാലഘട്ടത്തിനനുസരണമായ മാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ടു് ദരിദ്രനാരായണന്മാരുടെ മോചനത്തിനും സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിനും വേണ്ടി മുന്നോട്ടുനീങ്ങി കഴിയുന്നിടത്തോളം പരിവർത്തനങ്ങൾ വരുത്തുന്നതിനു് ശ്രമിക്കുക എന്നുള്ളതാണു്. അതിനുവേണ്ടി പ്രവർത്തിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും, അദ്ദേഹത്തിനു് എന്റെ വിനീതമായ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

Shi U. P. Kunikullayya: Sir, I seek the permission of the Speaker Sir, and crave the indulgence of this House to place before the Assembly a few lines of mine, as a wreath of flowers at the feet of Mahatma: Sir,

IMMORTAL MESSAGE

Oh, Giver of fortunes, donor of freedom
Give us consent to remember your name, Father
Know not we whether we are fit or fortunate
Pardon us Father for our wrongs and sins

Having born in this holy land of Bharat
Became the Father of the Nation, nay, of the world itself
We sing your name as the saviour of the nation
You taught us the creed of non–violence,

LIBRARY ARCHIVES Kerala Legislative Assembly

This day you reach the hundredth year since the birth
One and twenty years have elapsed since heaven you went
You brought and gave us the happiness from freedom
At your demise we showered rain of tears

You held aloft and showed to the world that truth will
succeed finally
And non-violence is the weapon of the braves
To destroy injustice and violence
You undertook ' Satyagraha ' as the only cure

Seeing the injustices suffered by the downtrodden and helpless
You tried to remove the evil of untouchability
For spreading the message that we are the children of the
same mother
You undertook fast unto death, Oh friend of the poor

You gave us courage to stand and fight together
Against the mighty empire in which sun did not set
And who thought none could equal them in power and might
Were made to flee the country by our fight for truth and justice.

Eschew violence and adopt non-violence was your creed
By the true, just and disciplined way you won the fight
You brought us freedom and happiness
You made us free ourselves from the shackle of slavery

Oh Mother Bharati, Are we your true children
We the children have forgotten your great culture
The lesson taught by Gandhiji has gone along with him
We are now living as if we are only animals.

We have eschewed the creed of non-violence
We have deleted the letter ' A ' from ' Ahimsa '
We are treading the path of violence
Forgetting humanly affection and love

We have let go the path of truth and justice
Untruth, injustice and indiscipline is our motto
Corruption, fraud, deceit and selfishness
Lust for power have become the aim of life

LIBRARY ARCHIVES Kerala Legislative Assembly

[Shri U. P. Kunikullayya:]

Enmity between the religion and religion has grown into a fire
Human love and affection has become offerings for the same
Then you told us for Hindus Musalmans Christians there is only one God
Ram, Rahim and Jesus are the names of one and the same God
So you spread your message to the world and promoted affection
All the people of the country are the children of the same mother
Forgetting all your words we are fighting today
Amongst ourselves and country is torn to pieces.
Oh, Mahatma, bless us so that we will live together
Forgetting religious ill-feelings to live in love and affection
Will you bless us to go forward in search of truth and justice
And tread along the path of Ahimsa to achieve the goal
And also bless us so to carry aloft the flag of peace to the world
Let there be peace for the mind, let there be peace for the world,
Let the word 'peace' show us the way
Let life be happy, world be brightened
So let us spread the immortal message throughout the world

JAI HIND

Shri S. P. Luiz: Sir, I will be failing in my duty and devotion to my people if I do not participate in this debate with all the feelings at my command. Sir, at the time when the British surrendered their power in India, the fate of my community, numbering Several lakhs was in distress. At that time when the Constituent Assembly was in the making of the Constitution, I, along with the representatives of my community, had the unique privilege and opportunity to pay a visit to the Mahatma Gandhi at New Delhi, in the Bhangi Colony. That was the first occasion I got to see him. The magnanimity, love and affection with which he greeted us still loom large not only in my mind, but also in all the other minority Advisory Committee Members who had occasion to pay homage to him. You will recollect, at the time of transition of power from the British to the Indian nationals, there were people who were very badly prejudiced against my community and doubted whether such a community should exist at all. But thanks to the great Mahatma who steered and guided us; he not only gave us great solace and protection but also helped us to see that constitutional protection and safeguards under the constitution were

LIBRARY ARCHIVES Kerala Legislative Assembly

granted to my community. Under these circumstances Sir, it is my moral duty to pay my humble salutations on my own behalf and on behalf of my community to this great national leader, may, international leader, on this memorable occasion when we are celebrating his centenary year. Sir, it has been said rightly by Shakespeare that 'the evil that men do live after them. The good is oft interred with their bones. Here we are really expressing our Sentiments of affection and respect. But the great and good things and the most wonderful examples that he set before us is in real peril. It is time that we rise to realise his teachings; we have troubles and tribulations, quarrels and attacks, war and warfare not only with our neighbouring countries, but also with ourselves. At this juncture, Sir, I do hope that while we are jubilantly celebrating this memorable day, every one of us will search our own hearts and chalk out a modus operandi by which we could best follow his foot-steps faithfully, devotedly and sincerely for the cause of our great nation.

I thank the Hon. Speaker for having set aside this day by which we members, representatives of the people of the State could assemble and pay salutations to our great leader, Mahatma Gandhi.

Jai Hind

ശ്രീ. എം. എം. തോമസ്: മഹാത്മജിയുടെ നൂറാമത്തെ ജന്മദിനം ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ അദ്ദേഹത്തിന്റെ പാവനസ്മരണക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണു്. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തെപ്പറ്റിയും ആദർശ മാഹാത്മ്യത്തെപ്പറ്റിയും പ്രസംഗിക്കുന്നതു് അസ്ഥാനത്തായിരിക്കുമെന്നുള്ളതുകൊണ്ടു് ഞാൻ ആ ഭാഗത്തേക്കു കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഇന്നത്തെ ഇന്ത്യയിലെ സ്ഥിതിവെച്ചു നോക്കുമ്പോൾ നാം അദ്ദേഹത്തിന്റെ ആദർശങ്ങളെ മിക്കവാറും മറന്നു കളഞ്ഞിരിക്കുകയാണു്. ഗിരി പ്രഭാഷണങ്ങളില്ലാതെ പ്രവൃത്തിയിൽ അദ്ദേഹത്തിന്റെ ആദർശങ്ങളെ നാം പ്രയോജനപ്പെടുത്തുന്നില്ല എന്നുള്ളതു് വളരെ വ്യക്തമായ ഒരുകാര്യമാണു്. എങ്കിലും നമ്മുടെ ജീവിതത്തിന്റെ വൈരുദ്ധ്യത്തിലും സംഘട്ടനത്തിലുമെല്ലാം നമ്മെയെല്ലാം ജയിക്കാനുള്ള ഏകമാർഗ്ഗം ഗാന്ധിയൻ മാർഗ്ഗങ്ങളും ഗാന്ധിയൻ ആദർശങ്ങളും മാത്രമാണു്. ഇതുപറയുമ്പോൾ കാർഡിനൽ ന്യൂമാന്റെ ഒരു വാചകമാണു് എനിക്കു് ഓർമ്മ വരുന്നതു്.

Lead Kindly light
Amid the encircling gloom,
Lead thou me on

ഇതുപോലെ നമ്മുടെ മഹാത്മജി അദ്ദേഹത്തിന്റെ പ്രവൃത്തികൊണ്ടു് ആദർശങ്ങൾകൊണ്ടു് നമുക്കു് മാർഗ്ഗം തുറന്നു തന്നിട്ടുണ്ടു്. ഈ വെളിച്ചം നമ്മുടെ ഭാരതത്തിന്റെ ഭാവിയെ നയിക്കട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ടു് ഞാൻ നിറുത്തുന്നു.

ശ്രീ. ഒ. കോരൻ: സർ, മഹത്വത്തെ കീർത്തിക്കുകയും മഹാന്മാരെ മാനിക്കേണ്ടതു് മനുഷ്യ ധർമ്മമാണെന്നു തോമസ് കാർലൈൻ ഒരു ഭാഗത്തു പറഞ്ഞിട്ടുണ്ടു്. ഇവിടെ ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ 100-ാം ജന്മദിനം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഒ. കോരൻ]

കൊണ്ടാടുന്ന ഈ സുദിനത്തിൽ നമ്മുടെ രാഷ്ട്രത്തിന്റെ സാമൂഹ്യ സാമ്പത്തിക മായ എല്ലാ രംഗങ്ങളിലും മഹാത്മാഗാന്ധി ചെയ്തിട്ടുള്ള സേവനങ്ങളെയും പ്രവർത്തനങ്ങളെയും അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ നല്ല വശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട പോവുകയും ചെയ്യേണ്ടുന്ന ഒരു സന്ദർഭമായി ഇതിനെ കണക്കിലെടുത്തുകൊണ്ട് അദ്ദേഹത്തെപ്പറ്റി കൂടുതൽ സ്മരിക്കുകയും ചെയ്യേണ്ടതു് ഭാരതീയരായ നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നു പറഞ്ഞു കൊണ്ട് അല്പം ചില കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണു്. മഹാ കവി വള്ളത്തോളിന്റെ ഭാഷയിൽ മഹാത്മജിയെപ്പറ്റി എന്റെ ഗുരുനാഥൻ എന്ന പദ്യശകലത്തിൽ മഹാത്മജി ആരാണെന്നു ലോകത്തെ ചൂണ്ടികാണി ക്കുകയാണു്.

"ലോകമേ തറവാട് തനിക്കിച്ചെടികളും
പുൽകളും പുഴക്കളും കൂടിത്തൻ കുടുംബകക്കാർ
ത്യാഗമെന്നതേനേട്ടം താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതേ സഗുരുനാഥൻ."

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും
ബുദ്ധന്റെയഹിംസയും രന്തിദേവന്റെ ദയാവായ്പും
ശ്രീഹരിശ്ചന്ദ്രനുള്ള സത്യവും മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽ ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി—
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ."

അപ്പോഴും മഹാത്മാഗാന്ധിയെപ്പറ്റി പറയുമ്പോഴും അദ്ദേഹത്തിന്റെ സ്മരണയെപ്പറ്റി പറയുമ്പോഴും അതിന്റെയെല്ലാം മുതൽക്കൂട്ടായിരുന്ന എന്നു് നമുക്കു കാണാൻ സാധിക്കും. അദ്ദേഹം കെട്ടിപ്പടുത്ത ഭാരതം എങ്ങനെയുള്ള തായിരിക്കുമെന്നു് അദ്ദേഹത്തിന്റെ സ്മരണയിൽ ഉണ്ടായിരുന്ന ഒരു കാര്യം പറയാം. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയാൽ ആരായിരിക്കും പ്രസിഡന്റു് എന്നു് ഒരു അമേരിക്കക്കാരൻ ചോദിച്ചപ്പോഴും ഒരു ഹരിജൻ സ്ത്രീ ആയിരിക്കു മെന്നു് അദ്ദേഹം പുഞ്ചിരിയോടുകൂടി പറയുകയുണ്ടായി. ശ്രീനാരായണഗുരു പറഞ്ഞതുപോലെ അദ്ദേഹം കെട്ടിപ്പടുക്കുന്ന ഭാരതത്തിൽ

"ജാതിഭേദം മതദ്വേഷ
മേതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകസ്ഥാനമാണിന്നു്.

എന്നായിരുന്നു. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടി അധികം താമസിയ്ക്കാതെ 1948-ൽ നവഖാലിയിൽ സമുദായ സ്പർദ്ധയുടെ കാള സർപ്പത്തിന്റെ ഫണം വിടർത്തി ആടുകയുണ്ടായി. ജനങ്ങളെ ഗളഛേദം ചെയ്തുകൊണ്ട് രക്തപ്പുഴ ഒഴു ക്കികൊണ്ടിരുന്ന അവസരത്തിൽ മഹാത്മാഗാന്ധി സാമുദായിക സൗഹാർദ്ദ ത്തിന്റെ അന്തരീക്ഷം സ്ഥാപിക്കാൻ വേണ്ടി ജനങ്ങളുടെ സാമുദായിക മൈത്രി യുടെ സന്ദേശം വഹിച്ചുകൊണ്ട്, ഊന്നു വടിയുമായി ആ സ്ഥലത്തേക്കു തിരി ച്ചതു് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണു്. ലോകമഹാനായ ഗോഡ്സേ തന്റെ മരണശയ്യയിൽ കിടന്നുകൊണ്ട് പറഞ്ഞ ഒടുവിലത്തെ വാചകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആണ്, വെളിച്ചം കൂടുതൽ വെളിച്ചം'' എന്നതു്. എന്നാൽ അധികം താമസിയാതെ തന്നെ മാനവസംസ്കാരത്തെ മുഴുവൻ ചുട്ടചാമ്പലാക്കുന്ന മാരകായുധങ്ങൾ കണ്ടുപിടിക്കുന്നതിനാണു് ജർമ്മൻ രാഷ്ട്രം തുനിഞ്ഞതു്. അതുപോലെ സാമുദായിക സൗഹാർദ്ദത്തിന്റെ അന്തരീക്ഷം ഭാരതത്തിൽ സൃഷ്ടിച്ചെങ്കിൽ മാത്രമേ ഐക്യത്തോടും ക്ഷേമത്തോടും കൂടി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളു എന്നു് പറഞ്ഞ മഹാത്മജി കാലഗതി പ്രാപിച്ചിട്ടു് അദ്ദേഹത്തിന്റെ സന്ദേശം ഉൾക്കൊണ്ട ഭാരതത്തിൽ അടുത്തകാലത്തുണ്ടായതു് എന്താണെന്നു് നമുക്കറിയാം. വിശേഷിച്ചും ഈ അടുത്തകാലത്തു ഗുജറാത്തിലുണ്ടായ സാമുദായിക വിദ്വേഷം ആരെയും ഞെട്ടിപ്പിക്കുന്നതാണു്. ഇതു് നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിക്കു് മാർഗ്ഗതടസ്സം ഉണ്ടാക്കിത്തീർക്കുന്നതാണു്.

ഈ അടുത്തകാലത്തു് ഡാക്ടർ രാധാകൃഷ്ണൻ മഹാത്മാഗാന്ധിയെപ്പറ്റി ലോകത്തിലുള്ള മഹാന്മാരുടെ അഭിപ്രായം ക്രോഡീകരിച്ചുകൊണ്ടു ഒരു പുസ്തകം രചിച്ചിട്ടുണ്ടു്. അതിൽ ഒരു മഹാൻ മഹാത്മാഗാന്ധിയെപ്പറ്റി പറഞ്ഞിട്ടുള്ളതു് 150 കൊല്ലത്തോളം രാജ്യം അടക്കി ഭരിച്ച ബ്രിട്ടീഷു് ഭരണം അവസാനിപ്പിച്ചതല്ല അദ്ദേഹം ചെയ്തതു് നേരെമറിച്ചു് ഹരിജനങ്ങളെ ജീവിതത്തിന്റെ എല്ലാ തുറകളിലും പേപ്പട്ടിയെപ്പോലെ അകറ്റി നിർത്തിയിരുന്ന മർദ്ദിത സമുദായത്തിലെ ജനങ്ങളെ മറ്റുള്ളവരുമായി കൂട്ടിച്ചേർത്തുകൊണ്ടു് മഹത്തായ സേവനം ചെയ്ത മഹാനായി ചിത്രീകരിച്ചിട്ടുണ്ടു്. ഈ രാജ്യത്തിലെ ഒരു ഹരിജനായ എനിക്കു് മഹാത്മാ ഗാന്ധിയെപ്പറ്റി പറയുമ്പോൾ ഹരിജനോദ്ധാരണത്തിനു വേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള സേവനത്തിന്റെ ഫലമായി ഹരിജനങ്ങൾക്കു് കുറെ നേട്ടങ്ങളും ഉയർച്ചയും ഉണ്ടായിട്ടുണ്ടു്. ഗാന്ധിജി ആഗ്രഹിച്ച രീതി ഇതുവരെ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി പരിശ്രമിക്കേണ്ടതു് ഏറ്റവും പ്രധാനമായ കാര്യമാണു്. മഹാത്മാഗാന്ധിയുടെ 100-ാം ജന്മദിനം കൊണ്ടാടുന്ന ഈ അവസരത്തിലാണു് ഹരിജനബാലന്മരെ ചുട്ടുകരിക്കുന്ന നീചമായ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അവർക്കു് സ്വാതന്ത്ര്യവും സമത്വവും നിലനിറുത്തിക്കൊണ്ടല്ലാതെ ഈ രാജ്യത്തു് ക്ഷേമവും ഐശ്വര്യവും നിലനിറുത്തിക്കൊണ്ടു മുന്നോട്ടു പോകാൻ സാദ്ധ്യമല്ല. അമേരിക്കയിലെ നീഗ്രോ ഗായകനായ പോൾ റോബ്സൻ പറഞ്ഞിട്ടുള്ളതു് ഞാൻ ഈയവസരത്തിൽ ഓർക്കുകയാണു്. നാം അമേരിക്കയെപ്പറ്റി കേൾക്കുമ്പോൾ ലോകത്തിലെ ഏറ്റവും ഉയർന്ന സമ്പൽസമൃദ്ധിയുള്ള രാജ്യമായിട്ടാണു് വിചാരിക്കുന്നതു്. എന്നാൽ ഈ രാജ്യത്തു് നീഗ്രോകളായ ഞങ്ങളെ രണ്ടാംതരം പൗരന്മാരെന്ന നിലയിലാണു് കരുതുന്നതു്. ഞങ്ങൾ ഈ രാജ്യത്തിലെ പൗരന്മാരാണെന്നു് എഴുതിവെച്ചിട്ടുണ്ടെങ്കിലും സ്വാതന്ത്ര്യത്തിലേക്കു് ഇനിയും ഞങ്ങൾക്കു് എത്താൻ സാധിച്ചിട്ടില്ല എന്നു് പാരീസിൽവച്ചു് 1947-ൽ പോൾ റോബ്സൻ പറയുകയുണ്ടായി. നമ്മെ വിഭാവനം ചെയ്യുന്ന ഇൻഡ്യയിലേക്കു് നമ്മളെ കൊണ്ടുചെന്നെത്തിക്കണമെങ്കിൽ സാമുദായികമായ വിദ്വേഷത്തിനുപരിയായിട്ടു് ഈ രാജ്യത്തെ ജനങ്ങളെ ഒന്നായി കാണാനും ഉൾക്കൊള്ളാനും അതനുസരിച്ചു് മുന്നോട്ടു പോകാനും കഴിയണം. എങ്കിൽ മാത്രമേ ഭാരതത്തെ ഗാന്ധിജി വിഭാവനം ചെയ്ത സോഷ്യലിസ്റ്റു വ്യവസ്ഥിതിയിലേക്കു് നമുക്കു് കൊണ്ടുപോകാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് ഈ ലക്ഷ്യത്തിലെത്താൻ ഇതുവരെ വന്നിട്ടുള്ള വീഴ്ചകളും കോട്ടങ്ങളും തിരുത്തിക്കൊണ്ടു് പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ പരിശ്രമിക്കേണ്ടതാണു്. ഗാന്ധിജിയുടെ 100-ാം ജന്മദിനം കൊണ്ടാടുന്ന ഈയവസരത്തിൽ അദ്ദേഹം ലോകത്തിനും ജനതക്കും ചെയ്തിട്ടുള്ള സേവനങ്ങളെപ്പറ്റി വിലയിരുത്തേണ്ടതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത കൃത്യമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. മറ്റൊന്നു് പൂനാ കരാറിനെപ്പറ്റി ഈയവസരത്തിൽ ഞാൻ ഓർത്തുപോവുകയാണു്. ഈ രാജ്യത്തിലെ ജനതതിയെ ബ്രിട്ടീഷു് സാമ്രാജ്യത്വം ഭിന്നിപ്പിക്കുകയും എതിർത്തുകൊണ്ടിരിക്കുകയും ചെയ്ത അവസരത്തിലാണു് ഹരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഒ. കോരൻ]

ജനങ്ങളെപ്പോലെയുള്ള സമുദായങ്ങളെ ഈ രാജ്യത്തു് ഒരു പ്രത്യേക വിഭാഗമാക്കുന്നതിനെ എതിർത്തു തോല്പിക്കാൻവേണ്ടി എർവാദ സെൻട്രൽ ജയിലിൽ വെച്ചു് മരണം വരെ ഉപവാസം ആരംഭിക്കുകയും അവസാനം ഈ രാജ്യത്തിലെ ഹരിജനങ്ങളുടെ ക്ഷേമത്തിനും ഉയർച്ചക്കും വേണ്ടി അവർക്കു് എല്ലാവിധ ആനുകൂല്യങ്ങളും നൽകിക്കൊണ്ടുള്ള ഒരു കരാർ ഉണ്ടാക്കുകയും ചെയ്തതു്. അതിനെ തുടർന്നു് അതിനുള്ള വകുപ്പുകളെല്ലാം ഉൾക്കൊള്ളിക്കുകയും ചെയ്തതു് ഈയവസരത്തിൽ ഞാൻ കൃതജ്ഞതയോടുകൂടി സ്മരിക്കുകയാണു്.

അതുപോലെതന്നെ ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശ്രമിക്കാൻ ഇൻഡ്യയിലേക്കു് വന്ന അവസരത്തിൽ അദ്ദേഹം കണ്ട കാഴ്ച വള്ളത്തോളിന്റെ ഭാഷയിൽ പറഞ്ഞാൽ

മരിക്കസാധാരണ ഈ വിശപ്പിൽ
ദഹിക്കല്ലൊ നമ്മുടെ നാട്ടിൽമാത്രം
ഐക്യക്ഷയത്തലടിമ ശവങ്ങള
ടിഞ്ഞുകൂടും ചുടുകാട്ടിൽമാത്രം.

നമ്മുടെ നാട്ടിൽ ഐക്യക്ഷയംകൊണ്ടു മരിച്ചുകൊണ്ടിരക്കുന്ന അവസരത്തിൽ ചുടുകാട്ടിൽവച്ചു മാത്രമേ ഐക്യം കാണുകയുള്ളു. അതുകൊണ്ടു് സ്വയം സംഘടിതമായി മുന്നോട്ടു പോകാനുള്ള ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യക്കു ശാശ്വതമായ സ്വാതന്ത്ര്യം, രാഷ്ട്രീയ സ്വാതന്ത്ര്യം കൈവരണം. ഈ രാജ്യത്തെ ഹരിജനങ്ങളെയും അല്ലാത്തവരേയും, ഹിന്ദുക്കളേയും, മുസ്ലീമങ്ങളേയും ക്രസ്ത്യാനികളേയും എല്ലാം ഒന്നായു് കണ്ടുകൊണ്ടു് മുന്നോട്ടു പോകാൻ വേണ്ടി ഗാന്ധിജികാണിച്ചുതന്നിട്ടുള്ള മാതൃക നാം സ്വീകരിക്കേണ്ടതാണു്. അദ്ദേഹം രാജ്യത്തിനു ചെയ്തിട്ടുള്ള സേവനങ്ങളെ ഓർമ്മിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ സ്മരണക്കുമുമ്പിൽ കൃതജ്ഞത അർപ്പിച്ചുകൊണ്ടു് അതനുസരിച്ചു മുന്നോട്ടു പോകാൻ വാഗ്ദത്തം ചെയ്യണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഗണപതി : സർ, ഗാന്ധി നൂറ്റമ്പത്തു വിഴാവൈക് കൊണ്ടാടും ഇന്ത നാളിൽ ഇന്റു സട്ടസഭൈയിൽ എനക്കു പേസ വായ്പ്പു അളിത്ത സഭാനായകർ അവർകളുക്കു എനതു നന്റിയൈ തെരിയപ്പടുത്തിക്കൊൾകിറേൻ. ഇന്റു നമതു മകാത്തുമാ കാന്തി അവർകളുടൈയ പിറന്ത നാൾ. അവരൈ അറിഞർകൾ എല്ലോരുമ് ഉലകപ് പെരിയവർകളിൽ ഒരുവരാക കരുതുകിറ്റാർകൾ. ഓവ്വൊരുവരുമ് അവരൈ ഓവ്വൊരു കോണത്തിൽ കാൺകിറ്റാർകൾ. അവർ നമ് ഇന്തിയ നാട്ടുക്കു സുതന്തിരമ് വാങ്കിക് കൊടുത്തതു താൻ അവർ സെയ്ത തലൈയായ പണി. അതോടു സേർന്തു അവർ സീർതിരുത്താത ഇടമേ ഇല്ലൈയെന്റു സൊല്ലലാമ്. തീണ്ടാമൈയൈ ഒഴിപ്പതേ കാന്തിജിയിൻ പേരവാ. നായ്പോല, പൻറിപോല അടിമൈകളാക ഹരിജനങ്കളൈയുമ് അവർകളൈ സാർന്തവർകളൈയുമ് തീണ്ടത്തകാതവർകളാക കരുതപ്പട്ടു വന്ത നാളിൽ അവർകളൈ മുറ്പോക്കു സമുതായത്താർ തൊടുവതേ പാവമ് എന്റു നിനൈന്ത നേരത്തിൽ അവർകളുമ് കടവുളിൻ കുഴന്തൈകളേ. നമ്മോടു ഉടൻപിറന്തവർകളേ എന്റു പിരചാരമ് സെയ്തു തീണ്ടാമൈയൈ ഒഴിക്ക പാടുപട്ടാർ കാന്തിയടികൾ. 1915-മ് ആണ്ടിൽ തെൻനിന്തിയാവുക്കു വന്തപൊഴുതു തെൻപ്പിരിക്കാവിൽ ഉഴൈത്ത ഒരു പഞ്ചമരുടൈയ മകനൈ തൻനോടു സേർത്തു വൈത്തുക്കൊൺടാർ. വേൺടിയ വചതിയൈച് സെയ്യ തൻ മനൈവിയൈ

LIBRARY ARCHIVES Kerala Legislative Assembly

வேலைக்கு அமைத்தார். தீண்டாமை என்பது தீண்டாதவர்களைப் பிடித்துள்ள நோயல்ல. தீண்டத்தகாதவர்களைப் பிடித்துள்ள நோய் என்பதே காந்தியடிகளுடைய கருத்து. உலகத்தில் அனேக மரங்களும், மிருகங்களும் இருக்கின்றன. அந்த மரங்களையும் கூட இந்த தீண்டாமை நோய் பிடிக்கவில்லை. மனிதனை மட்டும் எப்படியோ பிடித்துவிட்டது. ஜாதிமத வேறுபாடற்ற ஒரு சமூகத்தை விரும்பினார் காந்தியடிகள். மேலும் ஹரிஜனங்கள், மகமதியர்கள், கிருஸ்தவர்கள் ஆகிய அனைத்து ஜாதி மக்களும் காந்தியடிகளுடைய கண்களில் ஒன்றுபோலவே பட்டன. நவகாளியிலே கலகம் நடந்தபொழுது மனமுருகி கால்நடையாக நடந்து சென்று தன் உயிரையும் துச்சமென மதித்து தொண்டு செய்தார் காந்தியடிகள்.

பலாத்காரம் மூலமாகத் தான் மாறுதல் செய்ய முடியும் என்று எண்ணுவதற்கு காரணம் மனிதப் பண்பில் நம்பிக்கையில்லாததேயாகும் என்பது காந்தியடிகளுடைய கருத்து. அகிம்சை, சத்தியாக்கிரகம் ஆகியவற்றின் மூலம் எதையும் சாதித்துவிடலாம் என்பது அவருடைய அசைக்க முடியாத ஆணித்தரமான நம்பிக்கையாக இருந்தது. அண்டை நாடான தமிழ் நாட்டில் டி. எம். கெ. அரசாங்கம் ஒரு வாரம் காந்தி நூற்றாண்டு விழாவைக் கொண்டாட அமோகமான ஏற்பாடுகளை செய்துள்ளனர். ஆனால் இங்கு நம்முடைய கேரளத்திலோ அமைச்சர்களும் மற்றவர்களும் வானழாவ பேசுகிறார்கள். காரியத்தில் அல்லது நடத்தையில் ஒன்றும் இல்லை. சொல் வேறு செய்வது வேறுக இருக்கிறது. காந்திஜியைப் பற்றி இந்த சட்டசபையில் புகழ்ந்து பேசும் இன்று அவருடைய பிறந்த தினமாகிய இன்று அவருடைய படத்திற்குக் கூட ஒரு சிறிய மாலை அணிவிக்க முன்வரவில்லை. வேற்று நாடுகளான லண்டன், அமெரிக்கா, ரஷ்யா, சைனா போன்ற நாடுகளில் எல்லாம் கூட காந்தியடிகளுக்கு மதிப்பு வைத்துக் கொண்டாட முன்வந்துள்ளனர். எதிலும் ஒரு தூய்மை வேண்டும். அப்பழுக்கு இல்லாமல் நடந்துகொள்ள பழகிக்கொள்ள வேண்டும். அதுவே அஹிம்சா மார்க்கத்தை கடைபிடிக்கவேண்டிய வழி என்பது அவரது கருத்து. ஆங்கிலேயர்களோ, ஐரோப்பியர்களோ காந்தியுடன் பேசிக்கொண்டு அவரைவிட்டு விடைபெற்றுக்கொள்ளும்போது இவரைப்போல இந்தியர்கள் எல்லோரும் ஆகிவிடுவார்களென்றால் எந்த அரசியல் பிரச்னையையும் எளிதில் தீர்த்துவிடலாம் என்பது தெளிவு. எனக்கு முன் பேசிய அங்கத்தினர்கள் மிக விரிவாக எடுத்துக் கூறியபடியால் கூடுதல் பேச விரும்பவில்லை. அம்மகானுக்குச் செய்யவேண்டிய தொண்டு அன்னாருடைய சொன்னைகளில் சிறிதளவாவது கடைபிடித்தால் போதுமானது. மக்களும் முன்னேறுவார்கள். இத்துடன் முடித்துக்கொள்கிறேன்.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ലോകം ഇതുവരെ ദർശിച്ചിട്ടുള്ളതിൽവച്ച് ഏററവും മഹാനായ മഹാത്മാവിന്റെ ജന്മശതവാർഷികം ആഘോഷിക്കുന്ന ഈയവസരത്തിൽ അദ്ദേഹത്തിന്റെ സേവനങ്ങളെപ്പററിയും മാഹാത്മ്യങ്ങളെപ്പററിയും സാരഗർഭമായ പല പ്രസംഗങ്ങളും ഇവിടെ നടന്നുകഴിഞ്ഞിരിക്കുന്നതിനാൽ ഒരു പദ്യം മാത്രം ചൊല്ലിക്കൊണ്ട് ഞാൻ എന്റെ ആദരവ് പ്രകടിപ്പിച്ചു കൊള്ളാം. ശ്രീ. കോരൻ മാസ്റ്റർ ആ പദ്യം വികൃതമായി നേരത്തെ ചൊല്ലിയതുകൊണ്ട് മറെറാരു രൂപത്തിൽ അവതരിപ്പിക്കേണ്ടതായിട്ടാണ് ഇരിക്കുന്നത്. മഹാകവി വള്ളത്തോൾ ഗാന്ധിജിയെപ്പററി 'എന്റെ ഗുരുനാഥൻ' എന്ന കവിതയിൽ പറഞ്ഞിരിക്കുന്നത്;

"ക്രിസ്തുദേവന്റെ പരിത്യാഗശീലവും സാക്ഷാൽ—
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും

2/2—3

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എൻ. ചന്ദ്രസേനൻ]

ബുദ്ധന്റെയഹിംസയും ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും രന്തിദേവന്റെ ദയാവായ്പും
ശ്രീ ഹരിശ്ചന്ദ്രനുള്ള സത്യവും മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽ ചേന്നൊത്തു കാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി–
ലല്ലായ്കിലവിടത്തെച്ചരിത്രം വായിക്കുവിൻ''

മറ്റു പല കവിതകളും സ്റ്റോക്കുണ്ടെങ്കിലും സമയച്ചുരുക്കം കൊണ്ട് അതൊന്നും ഉദ്ധരിക്കുന്നില്ല.

മി. സ്പീക്കർ: കോരൻ മാസ്റ്ററുടെ പദ്യം ചൊല്പൽ ആയിരുന്നു ഇതിനേക്കാൾ ഇമ്പം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ഈ സഭയുടെ അംഗീകാരത്തിനായി താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

''മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദി ആചരിക്കുന്ന ഈ സന്ദർഭത്തിൽ കേരള നിയമസഭ ഇൻഡ്യയുടെ ദേശീയ ജീവിതത്തിനുവേണ്ടി അദ്ദേഹം നല്കിയ നിസ്തുലമായ സേവനത്തെ കൃതജ്ഞതാപുരസ്സരം അനുസ്മരിക്കുന്നു. സാമ്രാജ്യ മേധാവിത്വത്തിനെതിരായി ഇൻഡ്യയിലെ ജനങ്ങളുടെ ധാർമ്മിക രോഷത്തെ ദേശീയ പ്രസ്ഥാനത്തിലേക്ക് തിരിച്ചുവിട്ടതിൽ അദ്ദേഹം വഹിച്ച അനുപമമായ പങ്കും പിന്തിരിപ്പൻ വർഗ്ഗീയതകൾക്കെതിരായുള്ള സമരത്തിൽ അദ്ദേഹത്തിന്റെ ജീവത്യാഗവും ലഘുവും സരളവും ആർഭാടരഹിതവുമായ അദ്ദേഹത്തിന്റെ ജീവിതരീതിയും അദ്ദേഹത്തിന്റെ ഉദാരമായ മാനവവാദവും നിർഭയത്വത്തിന്റേയും ധീരതയുടേയും സന്ദേശവും മാനവസമുദായത്തിനു് എല്ലാ യുഗങ്ങളിലും പ്രചോദനം നൽകുമെന്നും ഈ സഭ കരുതുന്നു.''

മി. സ്പീക്കർ:—ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: വളരെക്കുടുതൽ ആളുകൾ ഇതിനെപ്പറ്റി സംസാരിച്ചിട്ടുള്ളതു കൊണ്ട് ഈ പ്രമേയം സഭ അംഗീകരിക്കണമെന്നു മാത്രം ഞാൻ അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ: മഹാത്മാഗാന്ധിയെ സംബന്ധിച്ചുള്ള ഏറ്റവും പാവനമായ ഒരു പ്രമേയമായതുകൊണ്ട് സഭ ഏകകണ്ഠമായി ഇതു പാസ്സാക്കുന്നതിനു് അല്പ സമയം എഴുന്നേറ്റു നിൽക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

(സഭ അല്പസമയം എഴുന്നേറ്റുനിന്നു)

മി. സ്പീക്കർ: പ്രമേയം പാസ്സായി. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8–00 മണിക്കു് വീണ്ടും കൂടുന്നതുമാണു്.

The Assembly adjourned at 10-50 a.m. to meet again at 8 a.m. on Friday the 3rd October, 1969.

———

LIBRARY ARCHIVES Kerala Legislative Assembly